കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ധർമ്മടം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്-2017-18


# ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail:doknr.ksad@kerala.gov.in


(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ട് സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.7/1604/2018.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ-1
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

തീയ്യതി: 23-11-2018.

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം),

ധർമ്മടം ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : ധർമ്മടം ഗ്രാമ പഞ്ചായത്ത്-2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്.

-------

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 215 (4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾപ്രകാരം ധർമ്മടം ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകളുടെ പരിശോധനഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. [1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരള പഞ്ചായത്ത് രാജ് നിയമം പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക].

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

<u>പകർപ്പ്:</u>

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (e-mail)

2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല. (ഉപരിപത്രം സഹിതം)

3. കാര്യാലയ പ്രതി.

നം.കെ.എസ്.എ/കെ.എൻ.ആർ/സി.7/1604/2018.

തീയ്യതി:23-11-2018.

കണ്ണൂർ ജില്ലയിലെ ധർമ്മടം ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ

വരവു ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215 (4), 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ആമുഖം

ധർമ്മടം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ധർമ്മടം ഗ്രാമ പഞ്ചായത്ത് 01-8-2017 മുതൽ 31-03-2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് വിവിധ അക്കൗണ്ടുകളിൽ നിന്നുമുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പാർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ) <u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ.ബി.സന്തോഷ്, ഡെപ്യൂട്ടി ഡയറക്ടർ |

...

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് | തസ്തിക |
|---|---|---|
| 16-7-2018 മുതൽ | ശ്രീ. സി.വി. ജ്യോതിഷ് കുമാർ | ഓഡിറ്റ് ഓഫിസർ |
| 28-7-2018 വരെ | ശ്രീ.കെ. ശശീന്ദ്രൻ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| | ശ്രീമതി. വിപിന വത്സരാജ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. അന്ന അബ്രഹാം. | ഓഡിറ്റർ |

ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ബേബി സരോജ. സി.പി. | 1-4-2017 മുതൽ<br>31-3-2018 വരെ |
| സെക്രട്ടറി | ശ്രീ. പ്രസാദ്. വി. വി. | 1-4-2017 മുതൽ<br>25-5-2017 വരെ<br>22-6-2017 മുതൽ<br>31-3-2018 വരെ |
| | ശ്രീ. അനിൽ. പി. കെ,<br>അസിസ്റ്റന്റ് സെക്രട്ടറി<br>(സെക്രട്ടറി ഇൻ ചാർജ്) | 26-5-2017 മുതൽ<br>21-6-2017 വരെ |

സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. അനിൽ. പി.കെ. | 1-4-2017 മുതൽ<br>31-3-2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. ഉല്ലാസൻ. സി.പി. | 1-4-2017 മുതൽ<br>31-3-2018 വരെ |
| കൃഷി ഓഫീസർ | ശ്രീ.സുരേന്ദ്രൻ ചാത്തോത്ത് | 1-4-2017 മുതൽ<br>31-5-2017 വരെ |
| | ശ്രീമതി.അഷിത.എം.ആർ. | 1-6-2017 മുതൽ 29-10-2017 വരെ |
| | ശ്രീമതി.കാർത്തിക.എ.കെ. | 30-10-2017 മുതൽ<br>31-3-2018 വരെ |
| വി.ഇ.ഒ. ധർമ്മടം | ശ്രീമതി. പ്രിയ. കെ. | 1-4-2017 മുതൽ<br>21-8-2017 വരെ |
| | ശ്രീമതി. ശ്രീജ ബാട്ടി. | 22-8-2017 മുതൽ<br>30-10-2017 വരെ |

| | | |
|---|---|---|
| | | |
| | ശ്രീ. ധനേഷ് പുതുക്കുടി | 31-10-2017 മുതൽ 31-3-2018 വരെ |
| വി.ഇ.ഒ. പാലയാട് | ശ്രീമതി. അഷീഫ. എ. | 1-4-2017 മുതൽ 31-3-2018 വരെ |
| മെഡിക്കൽ ഓഫീസർ PHC | ഡോ. ദിൽനാഥ് കല്ലാട്ട് | 1-4-2017 മുതൽ 4-8-2017 വരെ |
| | ഡോ.മുരളി കൊപ്പന്റവിട | 5-8-2017 മുതൽ 31-3-2018 വരെ |
| മെഡിക്കൽ ഓഫീസർ GAD | ഡോ. അമർനാഥ്. പി. | 1-4-2017 മുതൽ 31-3-2018 വരെ |
| മെഡിക്കൽ ഓഫീസർ GHD | ഡോ. അമൃദ. എം. | 1-4-2017 മുതൽ 31-5-2017 വരെ |
| | ഡോ. ഹരീഷ് കൃഷ്ണൻ | 1-6-2017 മുതൽ 31-3-2018 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി.ശ്രീജ. സി.എം. | 1-4-2017 മുതൽ 31-3-2018 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.വിജയൻ. കെ. | 1-4-2017 മുതൽ 31-3-2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.ഷൈമജ ഉത്തമൻ. | 1-4-2017 മുതൽ 31-3-2018 വരെ |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | ശ്രീ. റിജൂൽ രാജ്. | 1-4-2017 മുതൽ 30-6-2017 വരെ |
| | ശ്രീ. രജീഷ്. ടി. കെ. | 1-7-2017 മുതൽ 25-8-2017 വരെ<br>10-11-2017 മുതൽ 31-3-2018 വരെ |

| | | |
|---|---|---|
| | ശ്രീ.വി.എസ്. സുരേഷ്ബാബു | 26-8-2017 മുതൽ 9-11-2017 വരെ |

ഉള്ളടക്കം


| ക്രമ നമ്പർ | വിവരണം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം 1 പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 | |
| 13 | പദ്ധതി പ്രവർത്തനങ്ങളും വർക്കിംഗ് ഗ്രൂപ്പുകളും | 1-13 | |

| | | | |
|---|---|---|---|
| 14 | സ്റ്റാൻറ്റിംഗ് കമ്മറ്റികളുടെ പ്രവർത്തനങ്ങൾ | 1-14 | |
| ഭാഗം 2 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 15 | വസ്തുനികുതി പിരിവ് -അപാകതകൾ | 2-1 | |
| 16 | ബി.എസ്.എൻ.എൽ. മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല. | 2-2 | |
| 17 | ഇ-ടെണ്ടർ - ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ചില്ല | 2-3 | |
| ഭാഗം 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 18 | മാവും മഴകുഴിയും-ടെണ്ടർ ക്ഷണിക്കാതെയുള്ള പർച്ചേസ് ₹2,50,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-1 | |
| 19 | ആയുർവേദ മരുന്നുകൾ മുഴുവനായും ലഭിച്ചില്ല ₹1,80,902 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-2 | |
| 20 | വാട്ടർ ലൈൻ എക്സ്റ്റെൻഷൻ-വിനിയോഗ വിവരം ലഭ്യമാക്കിയില്ല ₹86,100 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-3 | |
| 21 | പ്രത്യേക കന്നുകുട്ടിപരിപാലന പദ്ധതി മോണിറ്ററിംഗിന് വിധേയമാക്കേണ്ടതാണ് | 3-4 | |
| 22 | പാലിന് സബ്സിഡി അനുവദിക്കൽ-പാലിന്റെ അളവ് സംബന്ധിച്ച് കൃത്യത ഉറപ്പു വരുത്തുന്നില്ല | 3-5 | |
| 23 | തെരുവ് വിളക്ക് എ.എം.സി.-ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയ അപാകങ്ങൾ പരിഹരിച്ചില്ല. | 3-6 | |
| 24 | റോഡ് കട്ടിംഗ്ചാർജ്ജ് ഈടാക്കൽ-റോഡ് പൂർവ്വസ്ഥിതിയിലാക്കിയിട്ടുണ്ടെന്ന് ഉറപ്പ | 3-7 | |

| | | | |
|---|---|---|---|
| | വരുത്തേണ്ടതാണ് | | |
| 25 | തെരുവ് വിളക്കുകളുടെ പരിപാലനം -അപാകങ്ങൾ | 3-8 | |
| 26 | സുസ്ഥിര പ്ലാസ്റ്റിക് മാലിന്യ പരിപാലന പദ്ധതി- പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദവിവരങ്ങൾ, പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവയില്ല | 3-9 | |
| 27 | പ്ലാസ്റ്റിക് മാലിന്യ ശേഖരണം-ഫണ്ട് ശേഖരണവും ചെലവഴിക്കലും സുതാര്യമാക്കണം-മാലിന്യ സംസ്കരണത്തിന് ശാശ്വത മാർഗ്ഗങ്ങൾ കണ്ടെത്തണം | 3-10 | |
| 28 | പരിസരമലിനീകരണം - ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ്കമ്മിറ്റി ഇടപെടൽ ഫലപ്രദമല്ല-ഭരണസമിതി തലത്തിലും ഉദ്യോഗസ്ഥതലത്തിലും നടപടികൾ ഉണ്ടാകുന്നില്ല | 3-11 | |
| 29 | കുടിവെള്ള ടാപ്പുകളുടെ പ്രവർത്തനം-സംയുക്ത പരിശോധന നടത്തിയില്ല- വർക്കിംഗ് ഗ്രൂപ്പ് ഇടപെടൽ കാര്യക്ഷമമല്ല | 3-12 | |
| 30 | തൊഴിൽ രഹിത വേതനം അനർഹരായവർ കൈപ്പറ്റുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്. | 3-13 | |
| 31 | സാമൂഹ്യ ക്ഷേമ പെൻഷൻ-കൃത്യമായ മോണിറ്ററിംഗിന് വിധേയമാക്കേണ്ടതാണ്. | 3-14 | |
| 32 | സാമൂഹ്യക്ഷേമ പെൻഷനും, ക്ഷേമകാര്യ സ്റ്റാൻറ്റിംഗ് കമ്മറ്റിയും | 3-15 | |
| 33 | അങ്കണവാടികളുടെ പ്രവർത്തനം-ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി കാര്യക്ഷമമായി ഇടപെടേണ്ടതാണ്. | 3-16 | |

| | | | |
|---|---|---|---|
| 34 | തട്ടാരിമുക്ക് ഡ്രെയിനേജ് സ്ലാബ് സ്ഥാപിക്കൽ-ടെണ്ടർ നടപടികളിൽ സുതാര്യതയില്ല | 3-17 | |
| 35 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അവലോകനം | 3-18 | |
| ഭാഗം 4-പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 36 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 37 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 39 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 40 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 41 | ഓഡിറ്റ് റിക്കവറി | 4-6 | |
| 42 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 43 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 | |
| 44 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 45 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 | |
| അനുബന്ധങ്ങൾ | | | |
| 46 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 | |
| 47 | റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-1 | |
| 48 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-2 | |

| | | | |
|---|---|---|---|
| 49 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 ലെ ബജറ്റ് 25-3-2017 ലെ 21/2017-ാം നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 31-3-2018 ലെ 149/18-ാം നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിൽ ഉള്ളതുമായ വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരമുള്ളത് ₹ | പുതുക്കിയ ബജറ്റ് പ്രകാരമുള്ളത് ₹ | വാർഷിക കണക്ക് പ്രകാരമുള്ളത് ₹ | വ്യത്യാസം | | |
|---|---|---|---|---|---|---|
| | | | | കൂടുതൽ | കുറവ് | ശതമാനം (+)/(-) |
| മുന്നിരിപ്പ് | 5394055 | 4507500 | 6430263.53 | 1922763.53 | - | (+)42.66 |
| വരവ് | 107424850 | 108311405 | 48054884 | - | 60256521 | (-)55.63 |
| ആകെ | 112818905 | 112818905 | 54485147.53 | - | 58333757.47 | (-)51.71 |
| ചെലവ് | 106932960 | 110893550 | 52704926 | - | 58188624 | (-)52.47 |
| നീക്കിയിരിപ്പ് | 5885945 | 1925355 | 1780221.53 | - | 145133.47 | (-)7.54 |

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2017-18 | 31-7-2017 | 22-5-2018 | തിരിച്ചയച്ചിട്ടില്ല | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 26-6-2018 മുതൽ 27-6-2018 വരെ | കെ.എസ്.എ/കെ.എൻ.ആർ/സി.7/1290/18 തീയതി: 13-07-2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| വർഷം | 2017-18 |
|---|---|
| മുന്നിരിപ്പ് | 6430263.53 |
| വരവ് | 48054884 |
| ആകെ | 54485147.53 |
| ചെലവ് | 52704926 |
| നീക്കിയിരിപ്പ് | 1780221.53 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | - | 13065000 | 13065000 | 11911721 | 1153279 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | - | 1582034 | 1582034 | 1253054 | 328980 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | - | 46071 | 46071 | - | 46071 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | - | 1972000 | 1972000 | 436922 | 1535078 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | - | 3225000 | 3225000 | 3072992 | 152008 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | - | 6135244 | 6135244 | 6135244 | - |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | - | 2048465 | 2048465 | 1838304 | 210161 |
| സാക്ഷരത | | 37101 | 3453 | 40554 | - | 40554 |
| ദുരിതാശ്വാസനിധി | | 61239 | 68657 | 129896 | 85000 | 44896 |
| എം.ജി.എൻ. ആർ. ഇ. ജി.എസ് | തൊഴിലാളികളുടെ കൂലി | - | 7030909 | 7030909 | 7030909 | - |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1084 | 572971 | 574055 | 572363 | 1692 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| 1.ഗാർഹിക മാലിന്യ സംസ്കരണം | | - | 175984 | 175984 | 175984 | - |
| 2.അനപൂരക പോഷകാഹാരം | | - | 429072 | 429072 | - | 429072 |
| 3.അംഗൻവാടിയുമായി ബന്ധപ്പെട്ട പദ്ധതികൾ | | 606146 | 761251 | 1367397 | 183264 | 1184133 |
| 4.മാലിന്യ നിർമ്മാജ്ജനം | | - | 175984 | 175984 | 175984 | - |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | - | - | - | - | - |

| | | | | | | |
|---|---|---|---|---|---|---|
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | - | 829850 | 829850 | 826920 | 2930 |
| | ജില്ലാ പഞ്ചായത്ത് | - | 367350 | 367350 | 364420 | 2930 |
| ബി ഫണ്ട് | | - | 32800 | 32800 | 32800 | - |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 80143 | 10605000 | 10685143 | 10018178 | 666965 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 1388038 | 6238611 | 7626649 | 7365234 | 261415 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 152 | 52517221 | 109 | 30299089 | 6 | 43 | 67.76 |

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രോജക്ടുകളുടെ എണ്ണം | | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|---|
| | | ഏറ്റെടുത്തത് | നടപ്പിലാക്കിയത് | | | |
| 1 | സെക്രട്ടറി | 11 | 8 | 1544582 | 1260179 | 81.59 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 4 | 3 | 657000 | 430000 | 65.45 |

| | | | | | | |
|---|---|---|---|---|---|---|
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 76 | 45 | 26131968 | 12107622 | 46.33 |
| 4 | കൃഷി ഓഫീസർ | 9 | 9 | 3842850 | 3182368 | 82.81 |
| 5 | വി.ഇ.ഒ. ധർമ്മടം | 14 | 10 | 6406400 | 4183940 | 65.31 |
| 6 | വി.ഇ.ഒ. പാലയാട് | 7 | 3 | 3746000 | 801218 | 21.39 |
| 7 | മെഡിക്കൽ ഓഫീസർ PHC | 3 | 3 | 1159870 | 1159870 | 100 |
| 8 | മെഡിക്കൽ ഓഫീസർ GAD | 2 | 2 | 380000 | 380000 | 100 |
| 9 | മെഡിക്കൽ ഓഫീസർ GHD | 1 | 1 | 200000 | 200000 | 100 |
| 10 | വെറ്ററിനറി സർജൻ | 7 | 7 | 1908180 | 1337450 | 70.09 |
| 11 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 8 | 5575439 | 4314132 | 77.37 |
| 12 | ഹെഡ് മാസ്റ്റർ | 9 | 9 | 934932 | 912316 | 97.58 |
| 13 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 1 | 30000 | 30000 | 100 |
| | ആകെ | 152 | 109 | 52517221 | 30299089 | 57.69 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1084 | 572971 | 574055 | 572363 | 1692 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 7030909 | 7030909 | 7030909 | - |

| | | | | | |
|---|---|---|---|---|---|
| ആകെ | 1084 | 7603880 | 7604964 | 7603272 | 1692 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 58200 | 97 |
| കർഷകതൊഴിലാളി പെൻഷൻ | 2300400 | 211 |
| വിധവാ പെൻഷൻ | 13927800 | 1165 |
| വാർദ്ധക്യകാല പെൻഷൻ | 36011800 | 2927 |
| വികലാംഗ പെൻഷൻ | 3933100 | 356 |
| അവിവാഹിത പെൻഷൻ | 3694800 | 419 |
| വിവാഹ ധനസഹായം | 360000 | 12 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18-7-2018 ന് 3.40 pm മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹3,798 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ സുതാര്യവും, കാര്യക്ഷമവുമായ ഭരണം ഉറപ്പുവരുത്തുന്നതിന് മെച്ചപ്പെട്ട ആഭ്യന്തര നിയന്ത്രണ സംവിധാനം അനിവാര്യമാണ്. പദ്ധതി പ്രവർത്തനങ്ങളുടെ ഫലപ്രാപ്തിയോടൊപ്പം ജനങ്ങൾക്ക് നിയമപരമായി നൽകേണ്ടുന്ന പൊതു സേവനങ്ങൾ സമയബന്ധിതമായി ലഭിക്കുന്നതിനും മെച്ചപ്പെട്ട ആഭ്യന്തര സംവിധാനം അനിവാര്യമാണ്. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പുറപ്പെടുവിച്ച ഓഡിറ്റ് മാന്വൽ ഭാഗം 1-ലെ അനുബന്ധം ബി

യിൽ നിർദ്ദേശിച്ചത് അനുസരിച്ച് ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പരിശോധിച്ചതിൽ ജിവനക്കാരുടെ പ്രതിമാസ യോഗങ്ങൾ ചേർന്നിട്ടുണ്ട്. ജീവനക്കാർ നിർവ്വഹിക്കേണ്ടുന്ന ജോലികളെ സംബന്ധിച്ച ഓഫീസ് ഉത്തരവുകൾ കൃത്യമായി പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പ്രതിമാസ യോഗങ്ങളുടെ മിനുട്സ് പരിശോധിച്ചതിൽ പല യോഗങ്ങളിലെയും അജണ്ടയും തീരുമാനങ്ങളും കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. പ്രതിമാസ യോഗങ്ങളിൽ സ്ഥാപനത്തിന്റെ പൊതുവായ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനോടൊപ്പം വരവ് ചെലവുകളെ സംബന്ധിച്ച അവലോകനവും നടത്തേണ്ടതാണ്. വരുമാനം വർദ്ധിപ്പിക്കാനുള്ള നിർദ്ദേശങ്ങൾ ചർച്ചചെയ്യുന്നതിനോടൊപ്പം നികുതി നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിലുള്ള കാര്യക്ഷമതയും വിലയിരുത്തേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 5-11-2014 | 2013-14 | 5-11-2014 |
| പെർഫോമൻസ് ഓഡിറ്റ് | 28-6-2018 | 1-5-2018 മുതൽ 31-5-2018 വരെ | 28-6-2018 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

വാർഷിക ധനകാര്യ പത്രികയിൽ താഴെപ്പറയും പ്രകാരം അപാകങ്ങളുണ്ട്.

1. വസ്തുനികുതി (കറന്റ്), ഡിമാന്റ് വരവ്, നീക്കിയിരിപ്പ് എന്നിവ സാംഖ്യ, സഞ്ചയയുമായി പൊരുത്തപ്പെടുന്നില്ല. വസ്തു നികുതി കുടിശ്ശിക വരവ്, നീക്കിയിരിപ്പ് എന്നിവ സാംഖ്യ, സഞ്ചയയുമായി പൊരുത്തപ്പെടുന്നില്ല.

2. വാർഷിക ധനകാര്യ പത്രികയിൽ കാണിച്ചിട്ടുള്ള തൊഴിൽ നികുതി, ലൈസൻസ് ഫീസ് (മോട്ടോർ റണ്ണിംഗ്), മാർക്കറ്റ് ഫീസ് എന്നിവയുടെ ഡിമാന്റും കലക്ഷനും രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല.

3. സാക്ഷരതാ ഫണ്ട് നീക്കിയിരിപ്പ് B-4 ഷെഡ്യൂൾ രേഖപ്പെടുത്തിയിട്ടില്ല. 2016-17 വർഷത്തെ B-4 ഷെഡ്യൂളിലെ നീക്കിയിരിപ്പും 2017-18 ലെ RP-40(a) യിലെ മുന്നിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല. പലിശ വരവ് പൂർണ്ണമായും RP സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

4. MGNREGA ഇനത്തിൽ (I-6 Code number 160100601) രേഖപ്പടുത്തിയ തുക രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

5. പ്രതിമാസ ബാങ്ക് റീകൺസിലേഷൻ പത്രികയുടെ സാംഖ്യ ജനറേറ്റ് പത്രിക

സൂക്ഷിക്കുന്നില്ല.

6. ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയ തുകയിൽ ഫൈനൽ ബിൽ നൽകിയ പ്രവൃത്തികൾ ആസ്തിയാക്കി മാറ്റിയത് നിരീക്ഷിക്കുന്നതിന് ആയതിന്റെ വർക്ക് ഷീറ്റ് സൂക്ഷിക്കുന്നില്ല.

7. മൂന്ന് മാസത്തിലധികമായി പണമാകാത്ത ചെക്കുകളുടെ തുക കാലാവധി കഴിഞ്ഞ ചെക്കുകൾ എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

8. ട്രയൽ ബാലൻസിൽ (Code Number 310900101) Excess of Income over Expenditure തുകയായ ₹ 4860833.61 രേഖപ്പെടുത്തുന്നതിന് പകരം ₹ 5321981.61 യാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

9. RP- 4 ഫീസ് & യൂസർ ചാർജ്ജിനത്തിൽ പെനാൽട്ടീസ് & ഫൈൻസ് സാംഖ്യയിലെ തുക ലെഡ്ജറും ട്രയൽ ബാലൻസും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

10. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടത്തിൽ നിർദ്ദേശിക്കും വിധം വാർഷിക ധനകാര്യ പത്രികയിൽ പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല.

11. ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ B-11 ഷെഡ്യൂൾ പ്രകാരമുള്ള ആസ്തിവിവരത്തിന്റെ കൃത്യത ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല.

## 1-13 പദ്ധതി പ്രവർത്തനങ്ങളും വർക്കിംഗ് ഗ്രൂപ്പുകളും

പതിമൂന്നാം പഞ്ചവത്സരപദ്ധതിയും 2017-18 വാർഷിക പദ്ധതിയും തയ്യാറാക്കുന്നതിനായി ആസൂത്രണസമിതിയും, വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിച്ച് വികസനരേഖ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 09-01-2017 ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്)നം.10/2017/ത.സ്വ.ഭ.വ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ മാർഗ്ഗരേഖയുടെ നിർദ്ദേശങ്ങൾക്കനുസരണമായി ഗ്രാമ പഞ്ചായത്തിൽ 12 മേഖലകളിൽ വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഓരോ വർക്കിംഗ് ഗ്രൂപ്പുകളും 2017-18 വർഷത്തിൽ താഴെ പറയും പ്രകാരം യോഗം ചേർന്നിട്ടുണ്ട്.

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പ് | ചേർന്ന യോഗങ്ങളുടെ എണ്ണം |
|---|---|---|
| 1 | ആരോഗ്യം | 6 |
| 2 | കുടിവെള്ളം ശുചിത്വം | 5 |
| 3 | പൊതുമരാമത്ത്<br>(വൈദ്യുതിയും ഊർജ്ജവും ഉൾപ്പെടെ) | 6 |

| | | |
|---|---|---|
| 4 | ദാരിദ്ര്യ ലഘൂകരണം (പാർപ്പിടം ഉൾപ്പെടെ) | 7 |
| 5 | വിദ്യാഭ്യാസം, കലയും സംസ്കാരവും യുവവജനകാര്യവും | 10 |
| 6 | പ്രാദേശിക സാമ്പത്തിക വികസനം | 6 |
| 7 | വനിതാ വികസനം | 9 |
| 8 | സാമൂഹ്യനീതി | 7 |
| 9 | പട്ടികജാതി/പട്ടികവർഗ്ഗ വികസനം | 7 |
| 10 | മൃഗസംരക്ഷണവും ക്ഷീരവികസനവും | 5 |
| 11 | കൃഷി അനുബന്ധ മേഖല | 6 |
| 12 | പൊതുഭരണവും ധനകാര്യവും | 7 |

പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിൽ ജനപങ്കാളിത്തം ഉറപ്പു വരുത്തുക, സ്റ്റേക്ക് ഹോൾഡർ കൂടിയാലോചനകൾ, ഗ്രാമസഭയോഗങ്ങൾ, വികസന സെമിനാർ എന്നിവിടങ്ങളിലെ ചർച്ചയ്ക്ക് നേതൃത്വം വഹിക്കുക, ഓരോ വികസന മേഖലയിലും കഴിഞ്ഞ 20 വർഷങ്ങൾക്കുള്ളിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങളും പോരായ്മകളും വ്യക്തമായി പ്രതിഫലിക്കുന്ന അവസ്ഥാവിശകലനം നടത്തുക, അവസ്ഥാ വിശകലനത്തിന്റെ അടിസ്ഥാനത്തിൽ ഓരോ വികസന മേഖലയും നേരിടുന്ന പ്രധാന വെല്ലുവിളികൾ, വികസനത്തിന്റെ കാര്യത്തിൽ ഉണ്ടായിട്ടുള്ള അസന്തുലിതാവസ്ഥ, വികസനം മെച്ചപ്പെടുത്തുന്നതിനുള്ള സാദ്ധ്യതകൾ അതിന് സ്വീകരിക്കാവുന്ന തന്ത്രം എന്നിവയെല്ലാം ഉൾപ്പെടുത്തി ഒരു അവസ്ഥാ രേഖ (status report) യഥാസമയം തയ്യാറാക്കി സമർപ്പിക്കുക, പദ്ധതി അംഗീകരിച്ചതിനു ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മറ്റിയായി പ്രവർത്തിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യുക. തുടങ്ങിയ പ്രധാന ചുമതലകൾ വർക്കിംഗ് ഗ്രൂപ്പുകൾക്ക് നിർവ്വഹിക്കാനുണ്ട്.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തന രേഖയായ വിവിധ വിഷയ മേഖലകളുടെ മിനുട്സ് പരിശോധിച്ചതിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലകളിൽപ്പെട്ട ഉത്തരവാദിത്വങ്ങൾ എത്രത്തോളം നിർവ്വഹിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുന്ന റിപ്പോർട്ടുകളൊന്നും രേഖപ്പെടുത്തിയതായി കാണുന്നില്ല. ഓരോ വർക്കിംഗ് ഗ്രൂപ്പുകളും വിവിധ തീയതികളിലായി യോഗം ചേർന്നതായി കാണിച്ചിട്ടുണ്ട്. യോഗങ്ങളിലെ പങ്കാളിത്തം, അജണ്ട, തീരുമാനങ്ങൾ, മുൻയോഗങ്ങളിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ

നടപ്പാക്കിയപ്രവർത്തനങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ ഭാവിയിലെ പ്രവർത്തനങ്ങളെ സംബന്ധിച്ച രൂപരേഖ തയ്യാറാക്കൽ എന്നിവയൊന്നും മിനുട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

സി. സ്റ്റാറ്റസ് റിപ്പോർട്ട്

ഓരോ വികസന മേഖലയിലും കഴിഞ്ഞ 20 വർഷങ്ങൾക്കുള്ളിൽ ഉണ്ടായിട്ടുള്ള നേട്ട കോട്ട വിശകലനത്തിന്റെ അടിസ്ഥാനത്തിൽ വിവിധ മേഖലകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പ്രശ്നപരിഹാരവും അവലംബമാക്കി ഓരോ വർക്കിംഗ് ഗ്രൂപ്പുകളും അവരുടെ വിഷയമേഖലയിൽ അവസ്ഥാരേഖ (Status Report) തയ്യാറാക്കേണ്ടതുണ്ട്. ഈ അവസ്ഥാ രേഖയിൽ ദീർഘകാല ലക്ഷ്യങ്ങളും, അതായത് 2030 ൽ വികസന മേഖലയിൽ എന്തൊക്കെ നേടാൻ ശ്രദ്ധിക്കണമെന്നും, അതു പോലെ പതിമൂന്നാം പദ്ധതിയിൽ അടുത്ത അഞ്ചു വർഷം കൊണ്ട് ലക്ഷ്യമിടുന്ന നേട്ടങ്ങൾ കൃത്യതയോടെ നിർവ്വചിക്കേണ്ടതുമുണ്ട്. ഗ്രാമപഞ്ചായത്തിൽ എല്ലാ വിഷയ മേഖലയിലുമായി ബന്ധപ്പെട്ട അവസ്ഥാ രേഖ (Status Report) തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ മേൽ നിർദ്ദേശ പ്രകാരമുള്ള ദീർഘകാല വിശകലനമോ ഭാവികാല ലക്ഷ്യങ്ങളെ പറ്റിയുള്ള വിലയിരുത്തലോ തയ്യാറാക്കിയ അവസ്ഥാ രേഖയിലില്ല. കഴിഞ്ഞ പദ്ധതി വർഷങ്ങളിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ വിവരങ്ങൾ അതിന് ചെലവായ തുക തുടങ്ങിയ വിവരങ്ങൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയ അവസ്ഥാരേഖയിലുള്ളത്.

## 1-14 സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ

i. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

ധനകാര്യം, അക്കൗണ്ടുകൾ, ഓഡിറ്റ്, നികുതികൾ, ബജറ്റ്, പൊതുഭരണം, നികുതിയുമായി ബന്ധപ്പെട്ട അപ്പീലുകൾ, മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടില്ലാത്ത വിഷയങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയുള്ള ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള ചുമതല ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിക്കാണ്. 2017-18 കാലയളവിൽ 12 തവണ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്. 2017-18 ൽ വിവിധ വരവ് ചെലവുകൾ അംഗീകരിക്കൽ പോലുള്ള പൊതുവായ നടപടികളാണ് യോഗത്തിൽ നടന്നിട്ടുള്ളത്.

ii. വികസന സ്റ്റാന്റിംഗ് കമ്മേറ്റി

കൃഷി കന്നുകാലി വളർത്തൽ, ജലസേചനം, മത്സ്യകൃഷി, സാമൂഹിക വനവത്കരണം, ചെറുകിട കുടിൽ വ്യവസായം, കരകൗശല വസ്തുക്കളുടെ നിർമ്മാണം, പരമ്പരാഗത തൊഴിൽ, ഭവനനിർമ്മാണം, ഭവന പുനരുദ്ധാരണം, ഊർജ്ജ സംരക്ഷണം, പൊതുമരാമത്ത്, ജലവിതരണം എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള ചുമതല വികസനകാര്യ സ്റ്റാൻഡിംഗ് കമ്മേറ്റിക്കാണ്. 2017-18 വർഷത്തിൽ 13 തവണ സ്റ്റാൻഡിംഗ് കമ്മേറ്റി യോഗം ചേർന്നിട്ടുണ്ട്. 2017-18ൽ ഡി.പി.സി അംഗീകരിച്ച പ്രോജക്ടുകൾ നിർവ്വഹണ ഉദ്യോഗസ്ഥരെ ഏല്പിക്കുക, ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ തുടങ്ങിയ പൊതുവായ നടപടികളാണ് കമ്മേറ്റിയിൽ നടന്നിട്ടുള്ളത്. അംഗീകരിക്കപ്പെട്ട പദ്ധതികളുടെ പൊതുവായ മേൽനോട്ടം എന്നതിലുപരി ഓരോ മേഖലയിലെയും വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങളെ കൃത്യമായി

വിലയിരുത്തുകയോ, സ്റ്റാറ്റസ് റിപ്പോർട്ട് കൃത്യമായി അപഗ്രഥിച്ച് വികസനത്തിനുതകുന്ന പുതിയ പദ്ധതികൾ തയ്യാറാക്കുന്നതിനോ ശ്രമങ്ങൾ നടത്തിയിട്ടില്ല.

iii. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി

പട്ടികജാതി പട്ടികവർഗ്ഗ വികസനം, സ്ത്രീകളുടെയും കുട്ടികളുടെയും വികസനം, സാമൂഹ്യക്ഷേമം, സാമൂഹ്യസുരക്ഷ, ചേരി പരിഷ്കരണം, പൊതുവിതരണ സമ്പ്രദായം എന്നി വിഷയങ്ങളാണ് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പരിഗണനയിൽ വരുന്നത്. എല്ലാ മാസവും സ്റ്റാൻഡിംഗ് കമ്മറ്റിയോഗങ്ങൾ ചേരുന്നുണ്ടെങ്കിലും ക്ഷേമപെൻഷനുകൾക്ക് ലഭിച്ച അപേക്ഷകളിലെ തുടർനടപടികൾ മാത്രമാണ് പ്രസ്തുത യോഗങ്ങളിൽ പ്രധാനമായും പരിഗണനയിൽ വരുന്നത്. പട്ടിക ജാതി, പട്ടികവർഗ്ഗ വികസനം, സ്ത്രീകളുടെയും കുട്ടികളുടെയും വികസന ചുമതല വഹിക്കുന്ന അങ്കണവാടികളുടെ നടത്തിപ്പ്, പൊതുവിതരണ സമ്പ്രദായത്തെപ്പറ്റിയുള്ള വിലയിരുത്തൽ തുടങ്ങിയ വിഷയങ്ങളിലൊന്നും തന്നെ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ഏതൊക്കെ പ്രവർത്തനങ്ങൾ നിർവ്വഹിച്ചിട്ടുണ്ട് എന്നത് സംബന്ധിച്ച് മിനുട്ട്സിൽ യാതൊരു രേഖപ്പെടുത്തലുമില്ല. ക്ഷേമപെൻഷൻ അപേക്ഷകൾ പാസാക്കുന്നതിനപ്പുറം പെൻഷൻ ഗുണഭോക്താകളുടെ പെൻഷൻ ആനുകൂല്യത്തിനുള്ള തുടർ അർഹത സംബന്ധിച്ചുള്ള വിഷയങ്ങളൊന്നും ചർച്ചകൾക്ക് വിധേയമാക്കിയിട്ടില്ല.

iv. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി

പൊതുജനാരോഗ്യം, ശുചീകരണം, കുടിവെള്ളം, വിദ്യാഭ്യാസം, കായികവികസനം. യുവജനക്ഷേമം എന്നീ വിഷയങ്ങളാണ് ആരോഗ്യ കുടുംബക്ഷേമ വർക്കിംഗ് ഗ്രൂപ്പിന്റെ പരിധിയിൽ വരുന്നത്. 2017-18 കാലയളവിൽ 17 തവണ സ്റ്റാൻഡിംഗ് കമ്മറ്റി യോഗം ചേർന്നിട്ടുണ്ട്. വിവിധ പ്രോജക്ട് നിർദ്ദേശങ്ങൾ തീരുമാനങ്ങളായി രേഖപ്പെടുത്തിയിട്ടുണ്ട്. പൊതുശ്മശാനം, തെരുവുനായ, കുടിവെള്ളപദ്ധതി, പി.എച്ച്.സിയുടെ പ്രവർത്തനങ്ങൾ, സ്കൂൾ മൂത്രപുരനിർമ്മാണം, മഴകാലപൂർവ്വ ശുചീകരണം, ആയുർവ്വേദാശുപത്രിക്ക് സ്ഥലമെടുക്കൽ, തെരുവുവിളക്ക് പരിപാലനം, സാക്ഷരത, എസ്.എസ്.എ, സാന്ത്വനപരിചരണം തുടങ്ങിയ വൈവിധ്യ മേഖലയിൽ ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റി ഇടപെടൽ നടത്തിയതായി മിനുട്ട്സിലെ രേഖപ്പെടുത്തലിൽ നിന്നും വ്യക്തമാവുന്നുണ്ട്. വിവിധ മേഖലയിലെ സ്റ്റാൻഡിംഗ് കമ്മറ്റികൾ പ്രോജക്ട് മോണിറ്ററിംഗ് നടത്തിയതായി മിനുട്ട്സുകളിലൊന്നും രേഖപ്പെടുത്തിയിട്ടില്ല.

## ഭാഗം-2

## <u>വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

### 2-1 <u>വസ്തു നികുതി അപാകങ്ങൾ</u>

വസ്തു നികുതിയിനത്തിൽ 2017-18 വർഷത്തിൽ ഗ്രാമപഞ്ചായത്തിന് ഡിമാന്റ് കുടിശ്ശിക ഡിമാന്റിനത്തിൽ തുക പിരിഞ്ഞു കിട്ടാനുണ്ട്. വാർഷിക ധനകാര്യ പത്രിക പ്രകാരം ഈയിനത്തിലെ തൻവർഷ ബാലൻസ്, കുടിശ്ശിക ബാലൻസ് താഴെ പറയും പ്രകാരമാണ്.

തൻവർഷ ഡിമാന്റ് കലക്ഷൻ ബാലൻസ്

| ഡിമാന്റ് ₹ | കലക്ഷൻ ₹ | ബാലൻസ് ₹ |
|---|---|---|
| 2935883 | 2326375 | 609508 |

വാർഷിക ധനകാര്യ പത്രിക പ്രകാരം യഥാർത്ഥ തൻവർഷ ബാലൻസ് തുക ₹ 609508 യാണ്. എന്നാൽ വാർഷിക ധനകാര്യ പത്രിക B-15 പ്രകാരം ഈയിനത്തിലെ ബാലൻസ് ₹26359 മാത്രമാണ്.

വസ്തു നികുതി കുടിശ്ശിക

2016-17ലെ B-15 പ്രകാരം വസ്തു നികുതി കുടിശ്ശികയിനത്തിൽ ₹21,49,123 പിരിഞ്ഞു കിട്ടാനുള്ളതായി കാണിച്ചിട്ടുണ്ട്. 2017-18 വർഷത്തിൽ ഈയിനത്തിൽ ₹13,17,990 യാണ് പിരിച്ചെടുത്തിട്ടുള്ളത്. ഇതു പ്രകാരം കുടിശ്ശിക ഡിമാന്റിനത്തിൽ ₹8,31,133 പിരിച്ചെടുക്കേണ്ടതുണ്ട്. എന്നാൽ ഈയിനത്തിൽ 2017-18 ലെ B-15 പ്രകാരം കുടിശ്ശിക ₹66470 മാത്രമാണുള്ളത്. വസ്തു നികുതിയിനത്തിൽ ഗ്രാമപഞ്ചായത്തിന് യഥാർത്ഥത്തിൽ ലഭിക്കാനുള്ള തുക കണ്ടെത്തി പൂർണ്ണമായും ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 ബി.എസ്.എൻ.എൽ. മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല.

മൊബൈൽ ടവറുകൾക്ക് 14.01.2011 ലെ സർക്കാർ ഉത്തരവ് നം.19/2011/തസ്വഭവ പ്രകാരമുള്ള തറവിസ്തീർണ്ണാടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 13 മൊബൈൽ ടവറുകളിൽ 3 ബി.എസ്.എൻ.എൽ ടവറുകൾ, ഡിഷ്നെറ്റ് വയർലെസ് ലിമിറ്റഡ് (എയർ സെൽ) ഒഴികയുള്ള ഒൻപത് ടവറുകളുടെ മാത്രം വസ്തു നികുതിയാണ് നിർണ്ണയിച്ച് ഈടാക്കി വരുന്നത്. ജി.ഒ(ആർ.ടി)2640/2012 /ത.സ്വ.ഭ.വ.തീയതി-19.09.2011 പ്രകാരം ബി.എസ്.എൻ.എൽ ടവറുകളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കണമെന്ന ബി.എസ്.എൻ.എൽ ചീഫ് ജനറൽ മാനേജരുടെ അപേക്ഷ സർക്കാർ നിരസിച്ചിട്ടുണ്ട്. ആയതിനാൽ ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന മുഴുവൻ മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 2-3 ഇ-ടെണ്ടർ - ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ചില്ല

2017-18 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികൾക്ക് ഇ-ടെണ്ടർ നടപടികൾ പൂർത്തിയാക്കിയത് എൽ.എസ്.ജി.ഡി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ അക്കൗണ്ട് മുഖേനയാണ്. പ്രസ്തുത ടെണ്ടറുകൾക്ക് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത ടെണ്ടർ ഫീ ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമായിട്ടില്ല. ടെണ്ടർ ഫിയിനത്തിൽ ₹ 9800 യും നികുതിയിനത്തിൽ ₹ 1170 യും ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കാനുണ്ട്. പ്രസ്തുത തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ/പ്രവൃത്തിയുടെ പേര് | അടങ്കൽ തുക ₹ | ടെണ്ടർ ഫീ + നികുതി ₹ |
|---|---|---|---|
| 1 | 26/18 ഇരുനാലിയത്ത് റോഡ് ടാറിംഗ് | 5,70,000 | 1150+ 138 |
| 2 | 34/18 നരിവയൽ ഡ്രൈനേജ് മൂന്നാം ഘട്ടം | 5,50,000 | 1100+132 |
| 3 | 37/18 പാലയാട് ഹൈസ്കൂൾ പുഴക്കര റോഡ് ടാറിംഗ് | 6,00,000 | 1200+144 |
| 4 | 68/18 അംബേദ്ക്കർ കോളനി ഒഴയിൽ ഭാഗം റോഡ് | 7,00,000 | 1400+168 |
| 5 | 69/18 പനക്കണ്ടി മുക്ക് ലക്ഷം വീട് റോഡ് ടാറിംഗ് | 6,00,000 | 1200+144 |
| 6 | 71/18 വിവിധ അംഗനവാടികൾക്ക് അറ്റകുറ്റപണികൾ | 9,28,261 | 1900+224 |
| 7 | 152/18 സ്വാമികുന്ന് ഹൈഡ്രാസ് പറമ്പ് കിണർ നിർമ്മാണം | 9,15,000 | 1850+220 |
| | ആകെ | | 9800+ 1170 |

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 മാവും മഴക്കുഴിയും-ടെണ്ടർ ക്ഷണിക്കാതെയുള്ള പർച്ചേസ് ₹2,50,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ

പ്രൊജക്ട് നമ്പർ : 59/17-18

പ്രൊജക്ടിന്റെ പേര് : മാവും മഴക്കുഴിയും

അടങ്കൽ : ₹ 2,50,000 വികസന ഫണ്ട്

ചെലവ് തുക : ₹ 2,50,000 ബിൽ നമ്പർ/തീയ്യതി : 8/17-18/ 27-1-2018

ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായും, പരിസ്ഥിതി സൗഹ്യദ പ്രവർത്തനത്തിന്റെ ഭാഗമായും 2017-18 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ പ്രോജക്ടാണ് ഓരോ വീട്ടിലും ഒരു മാവും, മഴക്കുഴിയും എന്ന പ്രോജക്ട്. ഈ പ്രോജക്ടിന് ₹2,50,000 ചെലവഴിച്ചിട്ടുണ്ട്. ഈ പ്രോജക്ടിന്റെ ഭാഗമായി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി 5000 മാവിൻ

തൈകൾ വി.എഫ്.പി.സി.കെ. സീഡ് പ്രോസസിംഗ് പ്ലാന്റ്, ആലത്തൂർ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിക്കുകയുണ്ടായി. ₹50 നിരക്കിലാണ് മാവിൻതൈകൾ വാങ്ങിയിട്ടുള്ളത്. ഈ ഫാമിനെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ച മാനദണ്ഡം, ക്വട്ടേഷൻ/ടെണ്ടർ നടപടികൾ സ്വീകരിച്ചതിന്റെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നം.10/17-18 ന് ലഭ്യമാക്കിയ മറുപടിയിൽ, ക്വട്ടേഷൻ/ടെണ്ടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. 5000 ഗുണഭോക്താകൾക്ക് ഒന്നു വീതം വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. 5000 മഴക്കുഴികളും നിർമ്മിച്ചതായും മഴക്കുഴികൾ നിർമ്മിക്കുന്നതിന് തൊഴിലുറപ്പ് പദ്ധതിയുടെ സഹായം ലഭിച്ചതായും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. തൈകളുടെ വിതരണത്തിനായി അതത് വാർഡ് മെമ്പർമാരാണ് തൈകൾ കൊണ്ടു പോയതായി രേഖപ്പെടുത്തിയിട്ടുള്ളത്. 80% മാവിൻ തൈകളും നട്ടുപിടിപ്പിച്ചതായും അറിയിച്ചിട്ടുണ്ട്. 20% മാവിൻ തൈകൾ പ്രയോജനപ്പെടുത്താത്തത് പരിശോധിക്കപ്പെടേണ്ടതാണ്.

ഗ്രാമങ്ങളിൽ നിന്നും അന്യം നിന്നു പോകുന്ന മാവുകളുടെ വംശ വർദ്ധനവ് എന്ന പാരിസ്ഥിതിക സൗഹൃദ പ്രവർത്തനത്തിന്റെ ഭാഗമായും ജലസംരക്ഷണം എന്ന പ്രവർത്തനത്തിന്റെ ഭാഗമായും വ്യത്യസ്തമായി ആവിഷ്കരിച്ച പ്രോജക്ടാണ് മാവും മഴകുഴിയും എന്നത്. ഈ പ്രോജക്ടിലേക്ക് ആവശ്യമായ മാവുതൈകൾ ഒന്നിന് ₹50 നിരക്കിലാണ് വാങ്ങിയത്, ₹2,50,000 ചെലവഴിച്ച് നടത്തിയ ഈ പർച്ചേസിന് ടെണ്ടർ / ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ രേഖാമൂലം അറിയിച്ചിട്ടുള്ളത്. ടെണ്ടർ നടപടി സ്വീകരിക്കാതെയുള്ള പർച്ചേസ് അനുവദനീയമല്ല. ആയതിനാൽ ഈയിനത്തിലെ ₹2,50,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഈ പ്രോജക്ടിന്റെ ഭാഗമായി 5000 മഴകുഴികൾ തൊഴിലുറപ്പ് പദ്ധതിയുടെ സഹായത്തോടെ നിർമ്മിച്ചിട്ടുണ്ട് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട് എന്നാൽ 2017-18 വർഷത്തിൽ ഗ്രാമ പഞ്ചായത്ത് വിവിധ മേഖലകളിൽ നടപ്പാക്കിയ പദ്ധതികളിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ വിവരം ലഭ്യാക്കാൻ ആവശ്യപ്പെട്ടതിൽ തൊഴിൽ ദിനങ്ങളൊന്നും സൃഷ്ടിക്കപ്പെട്ടിട്ടില്ല എന്ന മറുപടിയാണ് സെക്രട്ടറി ലഭ്യമാക്കിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ ഈ പ്രോജക്ടിന്റെ ഭാഗമായി 5000 മഴകുഴികൾ യഥാർത്ഥത്തിൽ നിർമ്മിച്ചിട്ടുണ്ടോ എന്നത് വ്യക്തമല്ല. പദ്ധതി പ്രവർത്തനങ്ങളുടെ വിജയകരമായ പൂർത്തീകരണത്തിന് മോണിറ്ററിംഗ് നടത്തിയിട്ടുണ്ടോ എന്നത് ഫയലിൽ നിന്നും വ്യക്തമല്ല. പ്രസ്തുത പദ്ധതി വളരെ നല്ല രീതിയിൽ നടപ്പാക്കിയതായും നട്ടു വളർത്തിയ മാവിൻ തൈകൾ നല്ല നിലയിൽ വളർന്നു വരുന്നതായും സമീപ ഭാവിയിൽ ധർമ്മടം ഗ്രാമപഞ്ചായത്തിന്റേതായി അറിയപ്പെടുന്ന മാങ്ങ ഉല്പാദിപ്പിക്കാൻ സാധിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ഈ പ്രോജക്ടുമായി ബന്ധപ്പെട്ടു നടന്നു വരുന്നതായി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ഓഡിറ്റ് സമാപന യോഗത്തിൽ അറിയിക്കുകയുണ്ടായി. എന്നാൽ ഇതു സംബന്ധിച്ച് ഉള്ള പ്രവർത്തനങ്ങൾ മോണിറ്ററിംഗിന്റെ ഭാഗമായി രേഖപ്പെടുത്തി വെക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-2 ആയുർവേദ മരുന്നുകൾ മുഴുവനായും ലഭിച്ചില്ല ₹1,80,902 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ GAD

പ്രോജക്ട് നമ്പർ : 61/18

പ്രോജക്ടിന്റെ പേര് : ആയുർവേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ

വകയിരുത്തിയ തുക : ₹ 3,00,000 മെയിന്റനൻസ് ഫണ്ട് റോഡിതരം

ചെലവു തുക : ₹ 3,00,000
ബിൽ നമ്പർ/തീയ്യതി : 64/17-18/13-3-2018

ആയുർവേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ എന്ന മേൽ പ്രോജക്ട് പ്രകാരം മുൻകൂറായി ₹ 3,00,000 ഔഷധിക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഇൻവോയിസ് നമ്പർ 90072184 / 9-7-2018 പ്രകാരം ₹1,19,098 യുടെ മരുന്ന് മാത്രമേ ഡിസ്പെൻസറിക്ക് ഔഷധി സപ്ലൈ ചെയ്തിട്ടുള്ളൂ. ₹1,80,902 യുടെ മരുന്ന് ഇതുവരെയും ആയുർവേദ ഡിസ്പെൻസറിക്ക് ലഭിച്ചിട്ടില്ല. ആയതിനാൽ ₹1,80,902 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 വാട്ടർ ലൈൻ എക്സ്റ്റെൻഷൻ-വിനിയോഗ വിവരം ലഭ്യമാക്കിയില്ല ₹86,100 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രൊജക്ട് നമ്പർ : 151/18

പ്രൊജക്ടിന്റെ പേര് : വാട്ടർലൈൻ എക്സ്റ്റെൻഷൻ

അടങ്കൽ : ₹86,100 റോഡിതര മെയിന്റനൻസ് ഗ്രാന്റ്

ചെലവ് തുക : ₹86,100

ബിൽ നമ്പർ,തീയ്യതി : 9/17-18/ 23-08-17

മേൽ പ്രോജക്ട് പ്രകാരം പൊതുജനങ്ങൾക്ക് കുടിവെള്ളമെത്തിക്കുന്നതിനായി 90 മീറ്റർ പൈപ്പ് ലൈൻ നീട്ടുന്നതിന് നിക്ഷേപ പ്രവൃത്തിയിനത്തിൽ കേരള വാട്ടർ അതോറിറ്റിക്ക് ₹86,000 നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പൈപ്പ് ലൈൻ നീട്ടിയതിന്റെയോ പ്രവൃത്തി പൂർത്തിയാക്കിയതിന്റെയോ വിവരം ലഭ്യമായിട്ടില്ല. കേരള വാട്ടർ അതോറിറ്റിയുടെ വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. കുടിവെള്ളക്ഷാമം ജനങ്ങൾഏറ്റവും കൂടുതൽ ബുദ്ധിമുട്ട് നേരിടുന്ന ഒരു പ്രശ്നമായതിനാൽ, മേൽപ്രവൃത്തി എത്രയും പെട്ടെന്ന് പൂർത്തിയാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. വിനിയോഗ വിവരം ലഭ്യമാക്കാത്തതിനാൽ ₹86,100 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 പ്രത്യേക കന്നുകുട്ടിപരിപാലന പദ്ധതി മോണിറ്ററിംഗിന് വിധേയമാക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്റിനറി സർജൻ

പ്രൊജക്ട് നമ്പർ : 6/17-18

പ്രൊജക്ടിന്റെ പേര് : കന്നുകുട്ടി പരിപാലന പദ്ധതി

അടങ്കൽ : ₹ 2,25,000 വികസന ഫണ്ട്

: ₹ 1,25,000 തനത് ഫണ്ട്

: ₹ 3,50,000 ഗുണഭോക്തൃവിഹിതം

ആകെ : ₹ 7,00,000

ചെലവ് തുക : ₹ 1,25,000 ബിൽ നം. 2/17-18/ 05-3-2018

: ₹ 1,00.000 ബിൽ നം. 6/17-18/ 31-3-2018

: ₹ 1,25,000 ചെക്ക് നം. 9184723/28-3-2018

ആകെ : ₹ 3,50,000

വർഷങ്ങളായി നിർബന്ധിത വകയിരുത്തൽ നടത്തി നിർവ്വഹിച്ചുവരുന്ന പദ്ധതിയാണ് പ്രത്യേക കന്നുകുട്ടിപരിപാലനം. ഗുണഭോക്താക്കളുടെ കന്നുകുട്ടികൾക്ക് തീറ്റ ഉറപ്പാക്കുന്ന ഈ പദ്ധതി 2017-18 വർഷത്തിലും നടപ്പാക്കിയിട്ടുണ്ട്. 28 കന്നുകുട്ടികളെയാണ് 2017-18 വർഷത്തിൽ ആനുകൂല്യത്തിന് തെരഞ്ഞെടുത്തിട്ടുള്ളത്. ഈ പ്രോജക്ട് നടത്തിപ്പിന് ₹3,50,000 എസ്.എൽ.ബി.പി. പ്രോജക്ട് ഓഫീസർക്ക് വെറ്ററിനറി സർജ്ജൻ നൽകിയിട്ടുണ്ട്. തലശ്ശേരി ക്ഷീരവികസന സഹകരണ സംഘത്തിൽ നിന്നാണ് ഗുണഭോക്താക്കൾക്ക് കാലിതീറ്റ വിതരണം ചെയ്യുന്നത്. ഗ്രാമപഞ്ചായത്ത് പരിധിയിൽ ക്ഷീര സംഘങ്ങൾ ഒന്നുമില്ലാത്തതിനാലാണ് തലശ്ശേരി ക്ഷീരവികസന സഹകരണ സംഘത്തിലൂടെ പ്രോജക്ട് നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളത് എന്നാണ് അറിയിച്ചിട്ടുള്ളത്. ഗുണഭോക്താക്കളുടെ കന്നുകുട്ടികൾക്ക് ഗുണമേന്മയുള്ള കാലിതീറ്റ നിശ്ചിത അളവിൽ ലഭിക്കുന്നവിവരം എസ്.എൽ.ബി.പി ഗുണഭോക്താകൾക്ക് നൽകുന്ന വിതരണ കാർഡിൽ രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. 32 മാസം നീണ്ടുപോകുന്ന പദ്ധതി കാലയളവിൽ ഏതു വർഷത്തെ പ്രോജക്ട് പ്രകാരമുള്ള കാലിതീറ്റയാണ് ലഭിക്കുന്നതെന്ന് കൃത്യമായി വിതരണ കാർഡിൽ രേഖപ്പെടുത്തേണ്ടതാണ്. ഓരോവർഷവും ഈ പ്രോജക്ടിലേക്ക് തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കളുടെ കന്നുകുട്ടികൾ മരണപ്പെട്ടതു കാരണമോ, കന്നുകുട്ടികളെ വില്പന നടത്തിയതു കാരണമോ പദ്ധതിയിൽ നിന്നും വിട്ടു പോവാനുള്ള സാഹചര്യമുണ്ട്. ഇത്തരം സാഹചര്യത്തിൽ പ്രോജക്ടിലേക്ക് ഗ്രാമപഞ്ചായത്ത് നിക്ഷേപിച്ച തുകയിൽ പദ്ധതിയിൽ നിന്നും വിട്ടുപോയ ഗുണഭോക്താക്കളുടെ തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഇത്തരം പ്രവർത്തനങ്ങളെല്ലാം കൃത്യമായി മോണിറ്റർ ചെയ്യേണ്ടുന്ന ചുമതല നിർവ്വഹണ ഉദ്യോഗസ്ഥനും മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾക്കും, വികസന സ്റ്റാൻറ്റിംഗ് കമ്മറ്റിക്കുമാണ്. എന്നാൽ വികസന സ്റ്റാന്റംഗ് കമ്മറ്റി മിനുട്ട്സിൽ ഇത്തരം പ്രവർത്തനങ്ങളൊന്നും റിക്കാർഡ് ചെയ്തിട്ടില്ല. ഈ വിഷയത്തിൽ കൃത്യമായ മോണിറ്ററിംഗ് നടത്താൻ സ്റ്റാൻറ്റിംഗ് കമ്മറ്റി പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്. നിർവ്വഹണ ഉദ്യോഗസ്ഥൻ ഗുണഭോക്താക്കളുടെ കൈവശമുള്ള കാലിതീറ്റ വിതരണ കാർഡ് പരിശോധിച്ച് കൃത്യത ഉറപ്പു വരുത്തേണ്ടതാണ്. എസ്.എൽ.ബി.പി പദ്ധതിയിൽ ഗുണഭോക്താക്കളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ

കൃത്യമായ ഇടവേളകളിൽ പരിശോധിച്ച് എൻറോൾ ചെയ്ത എല്ലാ ഗുണഭോക്താകളും പദ്ധതിയിൽ തുടരുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 3-5 പാലിന് സബ്സിഡി അനുവദിക്കൽ-പാലിന്റെ അളവ് സംബന്ധിച്ച് കൃത്യത ഉറപ്പുവരുത്തുന്നില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്ററിനറി സർജൻ

പ്രൊജക്ട് നമ്പർ : 5/17-18

പ്രൊജക്ടിന്റെ പേര് : ക്ഷീര സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി

അടങ്കൽ : ₹ 320850 വികസനഫണ്ട്

: ₹ 148150 തനത് ഫണ്ട്

: ₹ 150000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം

ആകെ : ₹ 6,19,000

ചെലവ് തുക : ₹ 2,20,850 ബിൽ നം. 4/17-18/21-3-2018

: ₹ 1,00.000 ബിൽ നം. 6/17-18/31-3-2018

: ₹ 1,50,000 ചെക്ക് നം 2815067/ 28-3-2018

: ₹ 1,36,546 ചെക്ക് നം 9184724/ 28-3-2018

: ₹ 11604 ചെക്ക് നം 9184726/ 28-3-2018

ആകെ : ₹ 6,19,000

2017-18 വർഷം ക്ഷീര മേഖലയിൽ നടപ്പാക്കിയ പദ്ധതിയാണ് ക്ഷീരസംഘത്തിൽ പാൽ നൽകുന്ന കർഷർക്കുള്ള സബ്സിഡിഎന്നത്. ₹6,19,000 ഈയിനത്തിൽ ചെലവു ചെയ്തിട്ടുണ്ട്. സബ്സിഡി തുക അർഹരായ ക്ഷീരകർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് നൽകിയിട്ടുള്ളത്. ക്ഷീരകർഷകർ സംഘത്തിൽ നൽകുന്ന പാലിന്റെ അളവ് അടിസ്ഥാനമാക്കിയ നിരക്കിലാണ് സബ്സിഡി അനുവദിച്ചിട്ടുള്ളത്. ക്ഷീരസംഘത്തിൽ നിന്നു ഹാജരാക്കുന്ന പാലിന്റെ അളവ് സംബന്ധിച്ച പത്രിക അടിസ്ഥാനമാക്കിയാണ് തുക അനുവദിക്കുന്നത്. എന്നാൽ ഈ വിധം ഹാജരാക്കിയിട്ടുള്ള പത്രികയിലെ പാലിന്റെ അളവ് പരിശോധിച്ച് സാക്ഷ്യപെടുത്തിയതായി കാണുന്നില്ല. ക്ഷീര സംഘത്തിൽ നിന്നും പാലിന്റെ അളവ് സംബന്ധിച്ച് ഹാജരാക്കുന്ന പത്രിക ക്ഷീരവികസന ഉദ്യോഗസ്ഥൻ പരിശോധന നടത്തി സാക്ഷ്യപെടുത്തിയിട്ടുള്ളതാണെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 3-6 തെരുവ് വിളക്ക് എ.എം.സി.-ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയ അപാകങ്ങൾ പരിഹരിച്ചില്ല.

2016-17ലെ പ്രോജക്ട് നമ്പർ 92/17 (തെരുവ് വിളക്ക് എ.എം.സി) പ്രകാരം ധർമ്മടം ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകൾ ഓരോ വർഷത്തേക്കും കേട്പാടുകൾ തീർത്ത് പാലിക്കുന്നതിനായി ₹4,30,000 അടങ്കലിൽ പ്രോജക്ട് തയ്യാറാക്കുകയും തെരുവ് വിളക്കുകൾ എ.എം.സി. വ്യവസ്ഥയിൽ പരിപാലിക്കുന്നതിന് കെൻകോസ്, കതിരൂർ എന്ന സ്ഥാപനവുമായി കരാറിലാർപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 2016-17 ൽ ₹1,07,500കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട്. (ബിൽ നമ്പർ 19/16-17/28-03-17). കരാറുകാരനുമായി പഞ്ചായത്ത് കരാറിലേർപ്പെട്ടതിൽ വിവിധ അപാകങ്ങളുണ്ടെന്ന് 2016-17 വർഷ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു.

അപാകങ്ങൾ പരിഹരിച്ച് രജിസ്റ്ററുകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്ന് പ്രസ്തുത ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിരുന്നതാണ്. 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന് പഞ്ചായത്ത് ലഭ്യമാക്കിയ പ്രഥമ മറുപടിയിൽ അപാകങ്ങളെല്ലാം പരിഹരിച്ചതായും രേഖകൾ തുടർഓഡിറ്റിൽ ഹാജരാക്കുമെന്നും അറിയിച്ചിരുന്നു. എന്നാൽ ഓഡിറ്റ് എൻക്വയറി നമ്പർ 15 തീയ്യതി 23-07-18 പ്രകാരം ആവശ്യപ്പെട്ടിട്ടും ആയത് ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റിൽ ആവശ്യപ്പെടുന്ന വിവരങ്ങൾ ലഭ്യമാക്കുന്നുണ്ടെന്ന് ബന്ധപ്പെട്ടവർ ഉറപ്പ് വരുത്തേണ്ടതാണ്.

## 3-7 റോഡ് കട്ടിംഗ്ചാർജ്ജ് ഈടാക്കൽ-റോഡ് പൂർവ്വസ്ഥിതിയിലാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്

കുടിവെള്ള കണക്ഷൻ എടുക്കുന്നതിന്റെ ആവശ്യത്തിന് റോഡ് കട്ടിംഗിന് അനുവാദം ലഭിക്കുന്നതിന് ധാരാളം അപേക്ഷകൾ ലഭിച്ചു വരുന്നുണ്ട്. ഈ അപേക്ഷയിന്മേൽ ഗ്രാമപഞ്ചായത്ത് അനുമതിയും നൽകി വരുന്നുണ്ട്. 2017-18 വർഷം റോഡ് കട്ടിംഗ് ഫീയിനത്തിൽ ₹45150 യുടെ വരുമാനം ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. ഈ ആവശ്യത്തിന് എത്ര തുക ഈടാക്കണം എന്ന് നിശ്ചയിക്കുന്നതിന് എഞ്ചിനീയറിംഗ് വിഭാഗം എസ്റ്റിമേറ്റ് തയ്യാറാക്കണം. സാധാരണയായി 50 സെ.മി ആഴത്തിലും, 30 സെ.മി വീതിയിലുമാണ് റോഡ് കട്ട് ചെയ്യുന്നതിന് അനുവാദം നൽകിയിട്ടുള്ളത്. റോഡ് പൂർവ്വ സ്ഥിതിയിലാക്കിയതിനു ശേഷം മാത്രമാണ് ഡെപ്പോസിറ്റ് തുക തിരികെ നൽകാൻ പാടുള്ളൂ. ഇതു സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ടെന്ന വാർഡ് മെമ്പർമാരുടെ കത്തിന്റെ അടിസ്ഥാനത്തിലാണ് ഡെപ്പോസിറ്റ് തുക തിരികെ നൽകുന്നത്. എന്നാൽ കട്ട് ചെയ്ത റോഡ് പൂർവ്വസ്ഥിതിയിൽ ആക്കിയിട്ടുണ്ടെന്ന് സാക്ഷ്യപത്രം നൽകേണ്ടത് ഈ പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയ എഞ്ചിനീയറിംഗ് വിഭാഗമാണ്. റോഡ് കട്ട് ചെയ്ത ഭാഗം പൂർണ്ണമായും കോൺക്രീറ്റ് ചെയ്ത് പുനഃസ്ഥാപിക്കേണ്ടതാണ്. താൽകാലികമായി പ്രവൃത്തി ചെയ്തതായി വരുത്തി ഡെപ്പോസിറ്റ് തുക തിരികെ കൈപ്പറ്റുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്. റോഡ് പുനസ്ഥാപിച്ചു എന്ന എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സാക്ഷ്യപത്രം അടിസ്ഥാനമാക്കി മാത്രമേ ഡെപ്പോസിറ്റ് തുക തിരികെ നൽകാൻ പാടുള്ളൂ. ഈ വിഷയത്തിൽ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെയും സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും മേൽനോട്ടവും ഉണ്ടാവേണ്ടതാണ്.

## 3-8 തെരുവ് വിളക്കുകളുടെ പരിപാലനം -അപാകങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രൊജക്ട് നമ്പർ : 130/18

പ്രൊജക്ടിന്റെ പേര് : തെരുവ് വിളക്ക് എ.എം.സി.

അടങ്കൽ : ₹3,22,500 ധനകാര്യകമ്മീഷൻ ഗ്രാന്റ്

ചെലവ് തുക ആകെ : ₹ 1,07,500 ബിൽ നം. 7/17-18/1-8-2017

: ₹ 1,07,500 ബിൽ നം. 15/17-18/4-10-2017

: ₹ 1,00,958 ബിൽ നം. 26/17-18/23-3-2018

ആകെ : ₹3,15,958

തെരുവ് വിളക്കുകളുടെ പരിപാലനത്തിലുണ്ടായ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. റിപ്പയർ ചെയ്ത വിളക്കുകളുടെ വിശദവിവരം ലഭ്യമല്ല

1) 2016-17 വർഷം തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി കെൻകോസുമായി കരാറിലേർപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ₹3,15,958 കെൻകോസിന് നൽകിയിട്ടുണ്ട്. എന്നാൽ ഏത് തരം വിളക്കുകൾ, എത്രയെണ്ണം റിപ്പയർ ചെയ്യുന്നുവെന്നതിന്റെ വിശദവിവരം ലഭ്യമല്ല. റിപ്പയർ ചെയ്ത വിളക്കുകളുടെ യഥാർത്ഥ കണക്കുവിവരം തയ്യാറാക്കാതെ ഏതടിസ്ഥാനത്തിലാണ് കരാറുകാരനു തുക നൽകിയതെന്ന് വ്യക്തമല്ല. സർക്കുലർ നമ്പർ 3055/ഡി.എ/3/11തീയ്യതി 15-09-11 ന്റെ ഖണ്ഡിക 2(ബി) പ്രകാരം തെരുവ് വിളക്കുകളുടെ വാർഷിക മെയിന്റനൻസ് കരാറിലേർപ്പെടുന്നതിന് മുമ്പ് കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിരിക്കണമെന്നും ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമായിരിക്കണം കരാർ എന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല.

2. തെരുവ് വിളക്കുകളുടെ എണ്ണം പൊരുത്തപ്പെടുന്നില്ല

കെ.എസ്.ഇ.ബി യുടെ ഇൻവോയ്സ് പ്രകാരം ഗ്രാമ പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

| ഇനം | എണ്ണം | നിരക്ക് | തുക |
|---|---|---|---|
| 40 WATTS സാധാരണ ബൾബ് | 277 | 66 | 18282 |
| 40 WATTS ട്യൂബ് | 15 | 66 | 990 |
| 2X 40 WATTS ട്യൂബ് | 216 | 134 | 28944 |

| | | | |
|---|---|---|---|
| 250 WATTS സോഡിയം വേപ്പർ ലാമ്പ് | 22 | 447 | 9834 |
| 2X 11 WATTS CFL | 106 | 32 | 3392 |
| 18 WATTS CFL | 35 | 26 | 910 |
| ആകെ | 671 | | 62352 |

എന്നാൽ കരാറുകാരനുമായി കരാറിലേർപ്പെട്ടിരിക്കുന്നത് 1323 എണ്ണം വിളക്കുകളുടെ അറ്റകുറ്റപ്പണി നടത്തുന്നതിനാണ്. രണ്ടും തമ്മിൽ വളരെ വ്യത്യാസമുണ്ട്. ഇതനുസരിച്ച് കരാറുകാരൻ അനർഹമായി അധിക തുക കൈപ്പറ്റിയിരിക്കുവാൻ സാധ്യതയുണ്ട്. കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വിളക്കുകളുടെ എണ്ണത്തിൽ കൃത്യത വരുത്തിയതിനു ശേഷമേ കരാറിലേർപ്പെടാവൂ എന്ന സർക്കുലർ നിർദ്ദേശം പാലിക്കാത്തതിനാലാണ് ഇത്തരമൊരു അവസ്ഥ സംജാതമായത്.

കെ.എസ്.ഇ.ബി ഇൻവോയ്സ് പ്രകാരം പഞ്ചായത്തിൽ 277 സാധാരണ ബൾബുകൾ കത്തുന്നുണ്ട്. 2013-14 വർഷത്തിലെ പ്രോജക്ട് നമ്പർ 60 പ്രകാരം സി.എഫ്.എൽ വാങ്ങുന്നതിന് ₹64,350 ചെലവഴിച്ചിട്ടുണ്ട്. 2016-17 ലെ പ്രോജക്ട് നമ്പർ 168 പ്രകാരവും ഓരോ വാർഡിലും 3 എണ്ണം വീതം സി.എഫ്.എൽ ബൾബ് ഫിറ്റ് ചെയ്തിട്ടുണ്ട്. എന്നിരുന്നിട്ടും കെ.എസ്.ഇ.ബി ഇൻവോയ്സ് പ്രകാരം പഞ്ചായത്തിൽ 277 സാധാരണ ബൾബുകൾക്ക് വൈദ്യുതി ചാർജ് അടച്ചു വരുന്നു. സാധാരണ ബൾബിന്റെ വൈദ്യുത ചാർജ് നിരക്ക് ₹66 യാണ്. CFL ന്റേത് ₹32യും. (2x 11 WATTS CFL @32 & 18 WATTS CFL @26). വ്യത്യാസം 66-32=₹34. ഇത്തരത്തിൽ 277 ബൾബുകൾക്ക് പ്രതിമാസം അധികം വരുന്ന തുക 34X277=₹9418യാണ്. ഒരു വർഷം അധികം ഒടുക്കുന്ന തുക 9418x12 = ₹1,13,016 യാണ്. ഓഡിറ്റ് വർഷത്തിൽ ഒരു സാധാരണ ബൾബ് പോലും ഫിറ്റ് ചെയ്തിട്ടില്ല. എ.എം.സി കള്ള കരാറിൽ ട്യൂബ് സെറ്റും സി.എഫ്.എൽ.ഉം മാത്രമാണ് പരാമർശിച്ചിട്ടുള്ളത്. സാധാരണ ബൾബിന്റെ കാര്യം പരാമർശിച്ചിട്ടേയില്ല. യഥാർത്ഥത്തിൽ കത്താത്ത സാധാരണ ബൾബുകൾക്കാണ് പഞ്ചായത്ത് പ്രതിമാസം കറന്റ് ചാർജ്ജ് അടച്ചു വരുന്നതെങ്കിൽ അത് വഴി വലിയ ഒരു തുക തന്നെ നഷ്ടമാവുന്നുണ്ട്. സംയുക്തപരിശോധന നടത്തി നിലവിലില്ലാത്ത ബൾബുകൾക്ക് വൈദ്യുത ചാർജ് ഒടുക്കുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റി അടിയന്തരമായി ഇടപെട്ട് ആവശ്യമായ പരിശോധനകൾ നടത്തി അധികമായി തുക ഒടുക്കിയിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കുന്നതിനും പഞ്ചായത്ത് ഫണ്ട് നഷ്ടമാവാതിരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. തെരുവ് വിളക്ക് പരിപാലനത്തിനായി എ.എം.സി - കൂടിയ തുകയ്ക്കുള്ള ടെണ്ടർ സ്വീകരിച്ചു.

തെരുവ് വിളക്കിന്റെ പരിപാലനത്തിനായി ടെണ്ടർ വിളിച്ചതിന്റെ ഫലമായി എലൈറ്റ് ഇലക്ട്രിക്കൽസ് ചക്കരക്കല്ലിന്റേയും കെൻകോസ് കതിരൂരിന്റേയും ടെണ്ടറുകളാണ് ലഭിച്ചത്. ടെണ്ടർ പ്രകാരം കെൻകോസ് എസ്റ്റിമേറ്റ് നിരക്കായ ₹4,30,000യും എലൈറ്റ് ഇലക്ട്രിക്കൽസ്

₹4,00,000യുമാണ് ക്വാട്ട് ചെയ്തത്. 05-11-2016-ലെ ഭരണ സമിതി യോഗത്തിലെ 68/16 നമ്പർ തീരുമാന പ്രകാരം കെൻകോസിന്റെ ടെണ്ടർ അംഗീകരിച്ചു. മിനിട്സ് പ്രകാരം എലൈറ്റ് ഇലക്ട്രിക്കൽസും കെൻകോസും ക്വോട്ട് ചെയ്തിരിക്കുന്നത് ₹4,00,000യാണ്. കുറഞ്ഞ തുക ക്വാട്ട് ചെയ്ത എലൈറ്റ് ഇലക്ട്രിക്കൽസിന്റെ ടെണ്ടർ അംഗീകരിക്കാതെ കെൻകോസിന്റെ ടെണ്ടർ അംഗീകരിച്ചിരിക്കുന്നത് കാരണം കാണിക്കാതെയാണ്. കെൻകോസുമായി കരാറിലേർപ്പെട്ടിരിക്കുന്നത് ₹4,30,000യ്ക്കാണ്. ടെണ്ടർ പരസ്യം ചെയ്ത പത്രത്തിന്റെ കോപ്പിയും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

## 3-9 സുസ്ഥിര പ്ലാസ്റ്റിക് മാലിന്യ പരിപാലന പദ്ധതി-പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദവിവരങ്ങൾ, പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രൊജക്ട് നമ്പർ : 15/18

പ്രൊജക്ടിന്റെ പേര് : സുസ്ഥിര പ്ലാസ്റ്റിക് മാലിന്യ പരിപാലന പദ്ധതി

അടങ്കൽ : ₹ 3,15,000 തനത് ഫണ്ട്

ചെലവ് തുക : ₹ 2,97,443

സുസ്ഥിര പ്ലാസ്റ്റിക് മാലിന്യ പരിപാലന പദ്ധതിയുടെ ഭാഗമായി ജീവനക്കാർക്ക് ഓണറേറിയം നൽകുന്നതിന് വേണ്ടിയാണ് മേൽ തുക ചെലവഴിച്ചിരിക്കുന്നത്. എന്നാൽ മേൽ പദ്ധതിയുടെ ഭാഗമായി നടക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ് എന്നത് സംബന്ധിച്ച രേഖകൾ ലഭ്യമല്ല. തനത് ഫണ്ടിൽ നിന്ന് 2,97,443/- രൂപ ജീവനക്കാർക്ക് ഓണറേറിയം നൽകാൻ ചെലവഴിച്ചിട്ടും പദ്ധതി പ്രവർത്തനങ്ങളെ സംബന്ധിച്ച വിശദ വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല. പദ്ധതി പ്രവർത്തനങ്ങൾ വിശദമായ മോണിറ്ററിംഗിന് വിധേയമാക്കുന്നില്ല എന്നത് വലിയ ഒരു പോരായ്മ തന്നെയാണ്. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഈ രംഗത്ത് കാര്യക്ഷമമായ ഇടപെടൽ നടത്തേണ്ടതാണ്.

## 3-10 പ്ലാസ്റ്റിക് മാലിന്യ ശേഖരണം-ഫണ്ട് ശേഖരണവും ചെലവഴിക്കലും സുതാര്യമാക്കണം-മാലിന്യ സംസ്കരണത്തിന് ശാശ്വത മാർഗ്ഗങ്ങൾ കണ്ടെത്തണം

22-12-17 ന് ചേർന്ന ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ (58/2017 നമ്പർ തീരുമാനം) പ്ലാസ്റ്റിക് കവറുകളും മറ്റും ശേഖരിക്കുന്നതിനും അതുമായി ബന്ധപ്പെട്ട വാഹനത്തിന്റെ ചെലവിനും തൊഴിലാളികൾക്ക് ശമ്പളം നൽകുന്നതിനും ഗ്രാമ പഞ്ചായത്തിലെ എല്ലാ വീടുകളിൽ നിന്നും ₹30 നിരക്കിൽ ഓരോ മാസവും വാങ്ങിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ വീടുകളിൽ നിന്നും 30/- രൂപ നിരക്കിൽ ഓരോ മാസവും വാങ്ങാറുണ്ടെന്നും ആയത് വി.ഇ.ഒ.യുടേയും സുസ്ഥിര വളണ്ടിയറുടേയും ജോയിന്റ് അക്കൗണ്ടിൽ നിക്ഷേപിച്ച് വളണ്ടിയർമാർക്ക് ശമ്പളത്തിനായി ഈ തുക

വിനിയോഗിക്കുന്നുണ്ടെന്നും ഓഡിറ്റ് എൻക്വയറി നം.16ന് മറുപടിയായി സെക്രട്ടറി അറിയിച്ചെങ്കിലും ഇത് സംബന്ധിച്ച രേഖകളൊന്നും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോ ഉണ്ടാക്കാനുള്ള നടപടി ക്രമം) ചട്ടങ്ങൾ പ്രകാരം മാലിന്യ സംസ്കരണം നടത്തുന്നതിന് പഞ്ചായത്ത് ബൈലോ തയ്യാറാക്കി അത് പ്രകാരം പ്രവർത്തിക്കുന്നത് ഇക്കാര്യത്തിലുള്ള നടപടികൾ സുതാര്യമാക്കുന്നതിന് സഹായകരമാണ്. പ്ലാസ്റ്റിക് മാലിന്യ സംസ്കരണത്തിനായി ബൈലോ തയ്യാറാക്കി ഭരണസമിതി അംഗീകാരത്തോടെ പഞ്ചായത്ത് ഡയറക്ടർക്ക് അയച്ചു കൊടുക്കുകയും ചെയ്തതായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ആയത് പ്രകാരം ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ മുഴപ്പിലങ്ങാട് സ്ഥിതി ചെയ്യുന്ന റീസൈക്ലിംഗ് കേന്ദ്രത്തിൽ നൽകി വരികയാണ് ചെയ്യുന്നത്. പ്രവർത്തനങ്ങൾ വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗിന് വിധേയമാക്കുന്നില്ല. 02-04-2017ന് ചേർന്ന ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ ധർമ്മടം ഗ്രാമ പഞ്ചായത്തിൽ പ്ലാസ്റ്റിക് റീ സൈക്ലിംഗ് പ്ലാന്റ് ആരംഭിക്കാൻ സ്ഥലം വാങ്ങാൻ നടപടിയെടുക്കണമെന്ന നിർദ്ദേശമുണ്ടായിരുന്നു. ഗ്രാമപഞ്ചായത്തിൽ പ്ലാസ്റ്റിക് മാലിന്യ ശേഖരണത്തിനായി MRF സെന്ററും ബെയ്‌ലിംഗ് മെഷീൻ സ്ഥാപിക്കുന്നതിനും സൗജന്യമായി സ്ഥലം ലഭ്യമായതായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. പൊതുജനാരോഗ്യത്തെയും പരിസ്ഥിതിയേയും അതീവ ഗുരുതരമായി ബാധിക്കുന്ന പ്ലാസ്റ്റിക് മാലിന്യ പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടികൾ അടിയന്തിര പ്രാധാന്യം നൽകി നടപ്പിൽ വരുത്തുന്നതിന് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-11 പരിസരമലിനീകരണം - ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ്കമ്മിറ്റി ഇടപെടൽ ഫലപ്രദമല്ല-ഭരണസമിതി തലത്തിലും ഉദ്യോഗസ്ഥതലത്തിലും നടപടികൾ ഉണ്ടാകുന്നില്ല

03-06-2017 ന് ചേർന്ന ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ, പുഴയിലേക്ക് അറവ് ശാലാ മാലിന്യം തള്ളുന്നതിനെതിരേയും വീടുകളിൽ നിന്നുള്ള വെയ്സ്റ്റ് വെള്ളം ഓവ് ചാലിൽ തള്ളുന്നതിനെതിരേയും വേണ്ട നടപടിയെടുക്കാൻ ഭരണ സമിതിയോട് ശിപാർശ ചെയ്യാൻ തീരുമാനിച്ചിരുന്നു. 14-2-2018 ന് ചേർന്ന ആരോഗ്യ വിദ്യഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിലെ 9/2018 നമ്പർ തീരുമാന പ്രകാരവും വേയ്സ്റ്റ് ടാങ്കിൽ നിന്നും മറ്റും മലിന ജലം ഓടയിലേക്കും പുഴയിലേക്കും ഒഴുക്കുന്നവർക്കെതിരേയും പ്ലാസ്റ്റിക് കത്തിക്കുന്നവർക്കെതിരേയും കർശന നടപടി എടുക്കുവാൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകാൻ ഭരണസമിതിയോട് ശിപാർശ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. സ്റ്റാൻഡിംഗ് കമ്മിറ്റി നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഭരണസമിതി കൈക്കൊണ്ട നടപടികളും ഉദ്യോഗസ്ഥ തലത്തിൽ കൈക്കൊണ്ട നടപടികളും എന്തൊക്കെയാണെന്ന് അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16) ഉത്തരവാദികൾക്കെതിരെ നോട്ടീസ് നൽകിയിട്ടുണ്ടെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ കുടിവെള്ള സ്രോതസ്സുകളും ചുറ്റുപാടുകളും വലിയ തോതിൽ മലിനമാകുന്നത് ശ്രദ്ധയിൽപെട്ടിട്ടും തടയാൻ ഫലപ്രദമായ നടപടികൾ സ്വീകരിച്ചതായി

കാണുന്നില്ല. പഞ്ചായത്തിലെ എല്ലാവർക്കും ശുദ്ധമായ കുടിവെള്ളത്തിന്റെ ലഭ്യതക്കുറവ്, പ്രവർത്തനരഹിതമായ കുടിവെള്ള സംവിധാനങ്ങൾ, കിണറുകളിൽ ശുദ്ധജല ലഭ്യതയുടെ കുറവ്, ജല സ്രോതസ്സുകളിലെ മാലിന്യ നിക്ഷേപം മുതലായവ പഞ്ചായത്ത് നേരിടുന്ന പ്രധാന വികസന പ്രശ്നങ്ങളായിരിക്കെ (ധർമ്മടം ഗ്രാമപഞ്ചായത്തിന്റെ 2017-18 പദ്ധതിരേഖ പ്രകാരം) പഞ്ചായത്തിലെ ജൈവ-അജൈവ മാലിന്യങ്ങളുടെ അളവ്, ഉറവിടങ്ങൾ, നിർമാർജന സാധ്യതകൾ എന്നിവയെ പറ്റി പഠനം നടത്തി മാലിന്യ പ്രശ്നത്തിന് പരിഹാരം കാണുക എന്നത് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. മേൽ വിഷയത്തിൽ പഞ്ചായത്ത് ഭരണസമിതി ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നാണ് എക്സിറ്റ് യോഗത്തിൽ അറിയിച്ചത്.

## 3-12 കുടിവെള്ള ടാപ്പുകളുടെ പ്രവർത്തനം-സംയുക്ത പരിശോധന നടത്തിയില്ല- വർക്കിംഗ് ഗ്രൂപ്പ് ഇടപെടൽ കാര്യക്ഷമമല്ല

2017-18 സാമ്പത്തിക വർഷം ധർമ്മടം ഗ്രാമ പഞ്ചായത്ത് വെള്ളക്കരമിനത്തിൽ പ്രതിമാസം ₹91,875 കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. 2017-18 വർഷം ആകെ ഒടുക്കിയത് 91,875x12=₹11,02,500 യാണ്. 210 പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജായാണ് പ്രതിമാസം തുക ഒടുക്കിയിട്ടുള്ളത്. എല്ലാ ഗ്രാമ പഞ്ചായത്തുകളും തങ്ങളുടെ സ്ഥാപനത്തിന്റെ പരിധിയിലുള്ള പൊതു ടാപ്പുകളുടെ എണ്ണം ജല അതോറിറ്റിയുടെ സഹായത്തോടെ തിട്ടപ്പെടുത്തേണ്ടതാണ്. (സ.ഉ(സാധാ)നം.1275/2009/ത.സ്വ.ഭ.വ. 30-05-09) ജലവിതരണവും ശുചിത്വവും എന്ന മേഖലയ്ക്കായി രൂപീകരിച്ചിട്ടുള്ള വർക്കിംഗ് ഗ്രൂപ്പിന്റെ സഹായത്തോടെയാണ് ഈ പ്രവർത്തനം നടത്തേണ്ടത്. പൊതുടാപ്പുകൾ സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടുണ്ടോ എന്ന വിവരം ലഭ്യമാകുന്നതിന് 2016-17 ലെ വാർഷിക ഓഡിറ്റിൽ 22-09-2017 ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പൊതു ടാപ്പുകളുടെ സംയുക്ത രിശോധന നടത്താൻ വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്തയച്ചിട്ടുണ്ടെന്നുള്ള മറുപടിയാണ് സെക്രട്ടറി നൽകിയിട്ടുള്ളത്. 2017-18 വർഷ ഓഡിറ്റിൽ നൽകിയ (എൻക്വയറി നമ്പർ 9) എൻക്വയറിക്കും സെക്രട്ടറി ഇതേ മറുപടി തന്നെയാണ് നൽകിയത്. ഗ്രാമ പഞ്ചായത്തിലെ ആകെ ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവ തിട്ടപ്പെടുത്താതെ വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുന്ന തുക അതേപടി അടവാക്കുന്നത് വഴി പഞ്ചായത്തിന് വലിയൊരു തുക തന്നെ മാസം തോറും നഷ്ടപ്പെടാനുള്ള സാധ്യതയുണ്ട്. കുടിവെള്ള വർക്കിംഗ് ഗ്രൂപ്പിന്റെ കാര്യക്ഷമമായ ഇടപെടൽ ഈ രംഗത്തുണ്ടായിട്ടില്ല. ഉപയോഗിക്കുന്ന വെള്ളത്തിന് മാത്രമേ പണം നൽകുന്നുള്ളൂവെന്ന് പഞ്ചായത്ത് ഉറപ്പ് വരുത്തേണ്ടതാണ്. വാട്ടർ അതോറിറ്റിയുടെ ഭാഗത്ത് നിന്നും ഇക്കാര്യത്തിൽ വേണ്ടത്ര സഹകരണം ഉണ്ടാകാത്തത് സംബന്ധിച്ച് ബന്ധപ്പെട്ട അധികാരസ്ഥാനത്തെ അറിയിക്കേണ്ടതാണ്. സംയുക്ത പരിശോധന നടത്താത്ത സാഹചര്യത്തിൽ പഞ്ചായത്തധികൃതർ തന്നെ മുൻകൈയെടുത്ത് പ്രവർത്തനക്ഷമമായ പൈപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തേണ്ടതും വെള്ളക്കരമിനത്തിൽ വാട്ടർ അതോറിറ്റിക്ക് അധികം തുക നൽകിയിട്ടുണ്ടെങ്കിൽ ആയത് തിരിച്ച് പിടിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

## 3-13 തൊഴിൽ രഹിത വേതനം അനർഹരായവർ കൈപ്പറ്റുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിൽ നിന്നും 2017-18 വർഷത്തിൽ 97 ഗുണഭോക്താക്കൾ തൊഴിൽ രഹിത വേതനം കൈപ്പറ്റിവരുന്നുണ്ട്. പ്രതിമാസ വരുമാനം ₹1000 യിൽ അധികരിച്ചാൽ ഈ പെൻഷന് അർഹതയില്ല എന്ന് ജി.ഒ.(പി) 23/98/തൊഴിൽ. തീയതി 28-5-2018 പ്രകാരമുള്ള തൊഴിൽ രഹിത വേതന ചട്ടം-2 ൽ നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതി വളരെ നല്ല നിലയിൽ നടപ്പാക്കി വരുന്നുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിൽ ജോലിചെയ്യാൻ സന്നദ്ധരായ എല്ലാവർക്കും തൊഴിൽ നൽകാനുള്ള സംവിധാനങ്ങളുമുണ്ട്. ജോലി ചെയ്യാൻ മറ്റു വിധത്തിൽ അവശതയുള്ള ജനവിഭാഗങ്ങൾക്ക് വാർദ്ധക്യകാല പെൻഷനും, അംഗപരിമിതർക്ക് അവർക്കർഹമായ പെൻഷനും ലഭ്യമാക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ പ്രതിമാസം ₹1000 വരുമാനമില്ലാത്ത 97 ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്ത് പരിധിയിലുണ്ടെന്നാണ് ഇവർക്ക് തൊഴിൽ രഹിത വേതനം നൽകുന്നതിലൂടെ വെളിവാകുന്നത്. ഇത് യുക്തിസഹമല്ല. ആയതിനാൽ തൊഴിൽ രഹിത വേതനം കൈപ്പറ്റി വരുന്ന ഗുണഭോക്താകളുടെ വേതനത്തിനുള്ള അർഹത വ്യക്തമായി പരിശോധിച്ച് അനർഹരെ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. തൊഴിൽ രഹിത വേതനം അനുവദിക്കലും വിതരണവും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ സാമൂഹ്യ സുരക്ഷ വിഷയ ഘടകങ്ങളിലെ ചുമതലകളിൽ പെടുന്നു. ഇതിന്റെ ഭാഗമായ ചുമതലകളിൽ തൊഴിൽ രഹിതരായ വ്യക്തികൾക്ക് വേതനം നൽകുന്ന സ്കീമുകളെ കുറിച്ചുള്ള അവബോധം സൃഷ്ടിക്കുക. അപേക്ഷകൾ ക്ഷണിക്കുക, മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളുടെ ചുരുക്കപട്ടിക തയ്യാറാക്കുക, ഒരു തൊഴിലും ലഭ്യമായിട്ടില്ലാത്ത അപേക്ഷകരെയും, പഞ്ചായത്ത് നടപ്പാക്കുന്ന ഒരു സ്കീമിന്റെയും ആനുകൂല്യം ലഭിക്കാത്തവരെയും കണ്ടെത്തുക തുടങ്ങിയ ചുമതലകൾ നിർവ്വഹിക്കേണ്ടതുണ്ട്. ഇതു സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മിനുട്സിൽ രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-14 സാമൂഹ്യ ക്ഷേമ പെൻഷൻ-കൃത്യമായ മോണിറ്ററിംഗിന് വിധേയമാക്കേണ്ടതാണ്.

2017-18 വർഷം ഗ്രാമ പഞ്ചായത്തിൽ നിന്നും ക്ഷേമ പെൻഷൻ കൈപ്പറ്റി വരുന്നവരുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | വാർദ്ധക്യ കാല പെൻഷൻ | 2927 |
| 2 | വിധവ പെൻഷൻ | 1165 |

| | | |
|---|---|---|
| 3 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 419 |
| 4 | അംഗപരിമിതകർക്കുള്ള പെൻഷൻ | 356 |
| 5 | കർഷക തൊഴിലാളി പെൻഷൻ | 211 |
| 6 | തൊഴിൽ രഹിത വേതനം | 97 |

ക്ഷേമ പെൻഷന് ഗുണഭോക്താക്കളിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ രജിസ്റ്ററിൽ ചേർത്ത് അന്വേഷണ ഉദ്യോഗസ്ഥർക്ക് കൈമാറിയിട്ടുണ്ട്. അപേക്ഷകളിന്മേൽ അന്വേഷണ റിപ്പോർട്ട് സഹിതം തിരിച്ച കിട്ടുന്ന തീയതി, ക്ഷേമകാര്യ സ്റ്റാൻറ്റിംഗ് കമ്മറ്റി, ഭരണസമിതി എന്നീ തലങ്ങളിൽ പെൻഷൻ അപേക്ഷകളിന്മേൽ തീരുമാനമെടുത്ത തീയതി, പെൻഷൻ അനുവദിച്ച തീയതി, ഓരോ തവണയും പെൻഷൻ ആനുകൂല്യം നൽകുന്ന വിവരങ്ങൾ എന്നിവയെല്ലാം കൃത്യമായി രജിസ്റ്ററിൽ രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. 18-12-2003 ലെ സർക്കാർ ഉത്തരവ് നമ്പർ 57414/ഡി.പി.1/2003/ത.സ്വ.ഭ.വ പ്രകാരം ക്ഷേമപെൻഷൻ അപേക്ഷകളിൽ അർഹത നിർണ്ണയിക്കുന്നതിന് അവലംബമാക്കിയ മാനദണ്ഡങ്ങൾ, അനുവദിച്ചതും തിരസ്കരിച്ചതുമായ അപേക്ഷകളുടെ വിവരങ്ങൾ എന്നിവ ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്. ഇത് സംബന്ധിച്ച വിവരങ്ങളൊന്നും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. വാർദ്ധക്യകാല പെൻഷൻ അപേക്ഷകരിൽ 80 വയസ്സ് പൂർത്തിയായവർക്ക് വ്യത്യസ്ത നിരക്കിലാണ് പെൻഷൻ നല്കി വരുന്നത് എന്നതിനാൽ അപേക്ഷകരുടെ പ്രായം അനുബന്ധ രേഖകളുടെ അടിസ്ഥാനത്തിൽ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. തൊഴിൽരഹിത വേതനം കൈപ്പറ്റുന്ന ഗുണഭോക്താകൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും വേതനം കൈപ്പറ്റി വരുന്നുണ്ടോ എന്ന് പരിശോധന നടത്തേണ്ടതാണ്. ഗുണഭോക്താക്കളിൽ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ റദ്ദ് ചെയ്യപ്പെട്ട് പ്രത്യേക ഉത്തരവു മൂലം പുതുക്കിയവർക്ക് തൊഴിൽരഹിത വേതനത്തിന് അർഹതയില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതു സംബന്ധിച്ചും പരിശോധന നടത്തേണ്ടതാണ്.

ജി.ഒ.(എം.എസ്) 59/2013/സാമൂഹ്യനീതി വകുപ്പ് തീയതി 20-7-2013 ഉത്തരവിൽ സാമൂഹ്യക്ഷേമ പെൻഷൻ ലഭിക്കുന്നതിനുള്ള വാർഷിക വരുമാന പരിധി 3 ലക്ഷമായി ഉയർത്തുകയുണ്ടായി. എന്നാൽ ജി.ഒ.(എം.എസ്) 52/14 സാ.ക്ഷേ.വകുപ്പ് തീയതി-20-6-2014 ഉത്തരവിലൂടെ 3 ലക്ഷമെന്ന വരുമാന പരിധി പിൻവലിക്കുകയും, വരുമാനപരിധി 1 ലക്ഷമായി ഏകീകരിക്കുകയും ചെയ്തു. 3 ലക്ഷം വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ അനുവദിച്ച ഗുണഭോക്താവിനും തുടർന്നുള്ള മാസങ്ങളിൽ പെൻഷൻ നൽകേണ്ടത് 1 ലക്ഷം രൂപ വാർഷിക വരുമാന പരിധി നിശ്ചയിച്ച കൊണ്ടായിരിക്കണമെന്നു നിർദ്ദേശിച്ചിട്ടുണ്ട്. വരുമാനം 3 ലക്ഷമായി ഉയർത്തിയതനുസരിച്ച് പെൻഷൻ അനുവദിച്ചവരിൽ 41 പേരുടെ പെൻഷൻ നിർത്തൽ ചെയ്തതായി അറിയിച്ചിട്ടുണ്ട്.

ക്ഷേമപെൻഷൻ തുക ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് കൈമാറുന്ന സമ്പ്രദായം നിലവിൽ വന്നതിനാൽ സ്ഥലം മാറി പോയതും, മരണപ്പെട്ടതുമായ ഗുണഭോക്താക്കളുടെ പെൻഷൻ തുക തിരികെ ഈടാക്കാൻ നിലവിൽ സംവിധാനമില്ല. ഗ്രാമ പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യുന്ന അവസരത്തിൽ തന്നെ ക്ഷേമപെൻഷൻ കൈപ്പറ്റി വരുന്നവരാണെങ്കിൽ പെൻഷൻ റദ്ദ് ചെയ്യുന്നതിനുള്ള നടപടി ഉടൻ തന്നെ സ്വീകരിക്കേണ്ടതാണ്. ക്ഷേമപെൻഷൻ ബാങ്ക് അക്കൗണ്ടിലൂടെ നൽകുന്നതിന് പുറമെ തെരഞ്ഞെടുത്ത സഹകരണ ബാങ്ക് വഴിയും നേരിട്ട് വിതരണം ചെയ്യുന്നുണ്ട്. നേരിട്ട് വിതരണം ചെയ്യുമ്പോൾ സ്ഥലം മാറി പോയവരും, മരണപ്പെട്ടവരുമായ പെൻഷൻ ഗുണഭോക്താക്കളുടെ വിവരം ബാങ്ക് വഴി പെൻഷൻ DBT സെല്ലിൽ അറിയിക്കുന്നുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്. ഇത്തരം സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തിലെ പെൻഷൻ ഡാറ്റയിലും ആവശ്യമായ മാറ്റം വരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. പെൻഷൻ ഗുണഭോക്താളുടെ തുടർ പെൻഷൻ അർഹത പരിശോധിക്കുന്നതിനും, പെൻഷൻ ഇരട്ടിപ്പ് ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ ഓരോ പെൻഷൻ പദ്ധതിക്കും സർക്കാർ നിർദ്ദേശിച്ച പ്രകാരമുള്ള രജിസ്റ്റർ തയ്യാറാക്കി വിവരങ്ങൾ കൃത്യതയോടെ രേഖപ്പെടുത്തുത്തേണ്ടതാണ്. ലഭിച്ച അപേക്ഷകൾ യഥാസമയം അന്വേഷണത്തിന് സമർപ്പിക്കേണ്ടതും, അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടും, സ്റ്റാൻറ്റിംഗ് കമ്മറ്റി തീരുമാനവും ഗ്രാമപഞ്ചായത്ത് അംഗീകരിച്ചത് സംമ്പന്ധിച്ച വിവരങ്ങളും കൃത്യതയോടെ രേഖപ്പെടുത്തേണ്ടതാണ്. അക്കൗണ്ട് വഴിയുള്ളതും, ഗുണഭോക്താക്കൾക്ക് നേരിട്ട് എത്തിച്ച് നൽകുന്ന വിധത്തിലുള്ളതുമായ പെൻഷൻ വിതരണം സംബന്ധിച്ച പ്രവർത്തനങ്ങൾ കുറ്റമറ്റ രീതിയിലാണ് നിർവ്വഹിക്കപ്പെടുന്നത് എന്ന് ഉറപ്പുവരുത്തുവാൻ വിശദമായ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

## 3-15 സാമൂഹ്യക്ഷേമ പെൻഷനും, ക്ഷേമകാര്യ സ്റ്റാൻറ്റിംഗ് കമ്മറ്റിയും

വിവിധ ക്ഷേമ പെൻഷൻ അനുവദിക്കുന്നത് സംബന്ധിച്ച് ലഭിച്ച അപേക്ഷകളിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചർച്ച ചെയ്ത് അംഗീകാരം നൽകിവരുന്നുണ്ട്. എന്നാൽ പെൻഷൻ അംഗീകരിച്ചതിനു ശേഷം തുടർപെൻഷൻ അർഹത, പെൻഷൻ വിതരണം, തുടങ്ങിയ വിഷയങ്ങൾ സംബന്ധിച്ച് നിർവ്വഹിച്ച പ്രവർത്തനങ്ങളൊന്നും മിനുട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

## 3-16 അങ്കണവാടികളുടെ പ്രവർത്തനം-ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി കാര്യക്ഷമമായി ഇടപെടേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിൽ ആകെ 28 അങ്കണവാടികളാണുള്ളത്. 14 അങ്കണവാടികൾക്കാണ് സ്വന്തമായി കെട്ടിടമുള്ളത്. 7 അങ്കണവാടികളിൽ മാത്രമേ സ്വന്തമായി കുടിവെള്ള സൗകര്യം ഉള്ളൂ. 12 അങ്കണവാടികൾ ചുറ്റു മതിൽ കെട്ടി സംരക്ഷിച്ചിട്ടുണ്ട്. ഒറ്റ അങ്കണവാടിയിൽ പോലും ശിശുസൗഹൃദ ടോയ്‌ലറ്റുകൾ സ്ഥാപിച്ചിട്ടില്ല. കുട്ടികളിൽ ആരോഗ്യകരമായ ടോയ്‌ലറ്റ് ശീലം വളർത്തിക്കൊണ്ടു വരുന്നതിന് മുഴുവൻ അങ്കണവാടികളിലും ശിശുസൗഹൃദ ടോയ്‌ലറ്റുകൾ സ്ഥാപിക്കേണ്ടതാണ്. രണ്ട് അങ്കണവാടികൾക്ക് ടോയ്‌ലറ്റ് സൗകര്യം ഇല്ലാത്തതിനാൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കിട്ടിയില്ല എന്നത് ഇക്കാര്യം ബന്ധപ്പെട്ടവർ വേണ്ടത്ര

ഗൗരവത്തിലെടുത്തിട്ടില്ല എന്നതിന് തെളിവാണ്.

എല്ലാ അങ്കണവാടികളിലും അങ്കണവാടി ലെവൽ മോണിറ്ററിംഗ് & സപ്പോർട്ടിംഗ് കമ്മിറ്റി (ALMSC) രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റി എല്ലാ മാസവും കൃത്യമായി വാർഡ് മെമ്പർമാരുടെ അധ്യക്ഷതയിൽ കൂടേണ്ടതാണ്. എന്നാൽ 2017-18 വർഷത്തിൽ ആകെ 3 തവണ മാത്രമാണ് കമ്മിറ്റി യോഗം ചേർന്നിട്ടുള്ളത്. ഭക്ഷണ വിതരണം, കുട്ടികളുടെ വളർച്ചാ നിലവാരം, ഭൗതിക സാഹചര്യം തുടങ്ങിയവ കമ്മിറ്റി ചർച്ചാ വിധേയമാക്കിക്കാണുന്നില്ല.

അങ്കണവാടികളിലെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായ ഇടവേളകളിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള ഇടപെടൽ ഉണ്ടായിട്ടില്ലെന്നാണ് രേഖകളുടെ പരിശോധനയിൽ വ്യക്തമായത്. അങ്കണവാടികളുടെ പ്രവർത്തനവും പോഷകാഹാര വിതരണവും ഫലപ്രദമാണോയെന്ന് ഉറപ്പു വരുത്താൻ സ്റ്റാന്റിംഗ് കമ്മിറ്റി ഇടപെടേണ്ടതാണ്.

## 3-17 തട്ടാരിമുക്ക് ഡ്രൈനേജ് സ്ലാബ് സ്ഥാപിക്കൽ- ടെണ്ടർനടപടികളിൽ സുതാര്യതയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി. എഞ്ചിനിയർ

പ്രൊജക്ട് നമ്പർ : 124/17-18

പ്രൊജക്ടിന്റെ പേര് : തട്ടാരിമുക്ക് ഡ്രൈനേജ് സ്ലാബ് സ്ഥാപിക്കൽ

അടങ്കൽ : ₹ 50,000 ധനകാര്യ കമ്മീഷൻ ഗ്രാന്റ്

ചെലവ് തുക ആകെ : ₹ 49159 ബിൽ നം. 7/17-18/14-8-2017

എം.ബുക്ക് നം. : AE/0/7/17-18

തട്ടാരിമുക്ക് ഡ്രൈനേജ് സ്ലാബ് സ്ഥാപിക്കൽ എന്ന മേൽ പ്രവൃത്തിക്ക് ₹50,000 യാണ് എസ്റ്റിമേറ്റ് നിശ്ചയിച്ചിരുന്നത്. ടെണ്ടർ ക്ഷണിച്ചതിൽ ശ്രീ.ശ്രീജേഷ്.പി.കെ. എന്ന കരാറുകാരൻ എസ്റ്റിമേറ്റിന്റെ 3.5% കുറവിൽ 27-03-2017 ൽ ടെണ്ടർ സമർപ്പിച്ചിട്ടുണ്ട്. ഈ ടെണ്ടർ 29-03-2017ന് തുറക്കുകയും തുക അംഗീകരിച്ച് 05-05-2017 ന് എഗ്രിമെന്റ് വെച്ച് പ്രവൃത്തി ഏറ്റെടുത്തിട്ടുമുണ്ട്. എന്നാൽ ഈ പ്രവൃത്തിയുടെ ഫൈനൽ ബിൽ തയ്യാറാക്കിയത് രേഖപ്പെടുത്തിയ എം.ബുക്ക് AE/0/7/17-18 (പേജ് നം.14) പ്രകാരം പ്രവൃത്തിക്ക് കരാറുകാരൻ എസ്റ്റ്മേറ്റ് തുകയാണ് ക്വാട്ട് ചെയ്തത് എന്ന നിഗമനത്തിലാണ് തുക അനുവദിച്ചിട്ടുള്ളത്. കരാറുകാരന് അനുവദിക്കേണ്ട തുക കണക്കാക്കുമ്പോൾ ടെണ്ടർ കുറവ് കണക്കിലെടുത്തിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| എസ്റ്റിമേറ്റ് തുക | ആകെ പ്രവൃത്തിമൂല്യം | (-) ആകെ നികുതികൾ | കരാറുകാരന് നൽകിയ തുക | ടെണ്ടർ കുറവ്3.5% കണകാക്കി ഈടാക്കേണ്ടതുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ₹50,000 | ₹ 49159 | ₹2948 | ₹46211 | ₹1721 |

ടെണ്ടർ കുറവ് തുകയായ ₹1721 കഴിച്ച് ₹44490 മാത്രമാണ് കരാറുകാരന് അർഹതയുള്ളൂ. എന്നാൽ ഈ പ്രവൃത്തിയുടെ ഫയലിൽ ഈ പ്രവൃത്തിക്കു തന്നെ ഇതേ കരാറുകാരൻ എസ്റ്റിമേറ്റ് നിരക്കിൽ ക്വാട്ട് ചെയ്ത 26-04-2017 തീയതിയിൽ സമർപ്പിച്ച മറ്റൊരു ടെണ്ടർ ഫോറവും സൂക്ഷിച്ചിട്ടുണ്ട്. ഒരു പ്രവൃത്തിക്ക് ഒരേ കരാറുകാരൻ എസ്റ്റിമേറ്റ് നിരക്കിന്റെ 3.5 കുറവിലും, എസ്റ്റിമേറ്റ് നിരക്കിലും ടെണ്ടർ സമർപ്പിച്ചതിന്റെ കാരണം ഫയലിൽ നിന്നും വ്യക്തമല്ല. ഇതു സംബന്ധിച്ച് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് 23-07-2018 നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നം.17/17-18 ന് ലഭ്യമാക്കിയ മറുപടിയിൽ ആദ്യം ടെണ്ടർ ചെയ്തതിൽ സിംഗിൾ ടെണ്ടറാണ് ലഭിച്ചത് എന്നതിനാൽ വീണ്ടും ടെണ്ടർ ചെയ്തതനുസരിച്ചാണ് എസ്റ്റിമേറ്റ് നിരക്കിലുള്ള രണ്ടാമത് സമർപ്പിച്ച ടെണ്ടർ സ്വീകരിച്ചത് എന്നാണ്. എസ്റ്റിമേറ്റ് നിരക്കിന്റെ 3.5 % കുറവിൽ ടെണ്ടർ സമർപ്പിച്ച കരാറുകാരൻ തന്നെ എസ്റ്റിമേറ്റ് നിരക്കിലുള്ള ടെണ്ടർ വീണ്ടും സമർപ്പിച്ചത് സ്വീകരിച്ചെങ്കിലും പ്രസ്തുത കരാറുകാരനോട് നെഗോസിയേഷൻ നടത്തിയതായി കാണുന്നില്ല. എന്നാൽ എസ്റ്റിമേറ്റ് നിരക്കിലുള്ള ടെണ്ടർ ഭരണസമിതി തീരുമാനം നം. 22/17(1) തീയതി 30-3-2017 പ്രകാരം അംഗീകരിച്ചിട്ടുമുണ്ട്. നടപടി ക്രമങ്ങൾ പൂർത്തിയാക്കപ്പെടുക എന്നതിലുപരി ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക താല്പര്യം കൂടി പരിഗണിച്ച് വേണം ഇത്തരം പദ്ധതികൾ നടപ്പാക്കാൻ എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 3-18 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അവലോകനം

2005 ൽ ഇന്ത്യൻ പാർലമെന്റ് പാസാക്കിയ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ ധർമ്മടം ഗ്രാമപഞ്ചായത്തിൽ 2017-18 വർഷത്തിലും നടപ്പാക്കി വരുന്നുണ്ട്. ഗ്രാമ പഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് സംബന്ധിച്ച സ്ഥിതി വിവരം ചുവടെകൊടുക്കുന്നു.

1. വാർഷിക പദ്ധതി-ലേബർ ബഡ്ജറ്റ്

| വർഷം | നിർദ്ദേശിച്ച പദ്ധതികൾ | നടപ്പാക്കിയ പദ്ധതികൾ | ശതമാനം |
|---|---|---|---|
| 2017-18 | 216 | 164 | 76% |

2. തൊഴിലുറപ്പ് പദ്ധതി ജനപങ്കാളിത്തം സംബന്ധിച്ച വിവരം

| ക്രമ നമ്പർ | ഇനം | 2017-18 |
|---|---|---|
| 1 | പുതുതായി രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ | 226 |
| 2 | ആകെരജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെഎണ്ണം | 1419 |

| | | |
|---|---|---|
| 3 | തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങൾ | 545 |
| 4 | തൊഴിൽ ലഭിച്ച കുടുംബങ്ങൾ | 545 |
| 5 | 100 തൊഴിൽ ദിനം ലഭിച്ച കുടുംബങ്ങൾ | 16 |
| 6 | തൊഴിൽ ആവശ്യപ്പെട്ടശേഷം തൊഴിൽ ലഭിച്ചവരുടെ ശതമാനം | 100% |
| 7 | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | 25598 |

2017-18 ൽ വരെയുള്ള കാലയളവിൽ തൊഴിൽ ആവശ്യപ്പെട്ട 545 കുടുംബങ്ങൾക്കും തൊഴിൽ നല്കിയിട്ടുണ്ട്. എന്നാൽ 16 കുടുംബങ്ങൾക്ക് മാത്രമേ 100 തൊഴിൽ ദിനം നല്കാൻ കഴിഞ്ഞിട്ടുള്ളൂ. വാർഷിക പദ്ധതിയും ലേബർ ബഡ്ജറ്റും തയ്യാറാക്കിയിട്ടുണ്ട്. ലേബർ ബഡ്ജറ്റ് പ്രകാരം ആകെയുള്ള 216 പ്രവൃത്തികളിൽ 164 പ്രവൃത്തികൾ മാത്രമേ നടപ്പാക്കാൻ സാധിച്ചിട്ടുള്ളൂ.

3. വേതന വിതരണത്തിലെ കാലതാമസം സംബന്ധിച്ച വിവരങ്ങൾ

തൊഴിലുറപ്പ് പദ്ധതിയിൽ പ്രവൃത്തി പൂർത്തിയായി 14 ദിവസത്തിനകം തൊഴിലാളികൾക്ക് കൂലി ലഭ്യമാക്കേണ്ടതാണ്. നിശ്ചിത സമയത്ത് കൂലി നല്കാൻ കഴിയുന്നില്ലെങ്കിൽ 1936 ലെ പേയ്മെന്റ് ഓഫ് വേജസ് ആക്ട് പ്രകാരമുള്ള നഷ്ടപരിഹാരത്തിന് അർഹതയുണ്ട്. എന്നാൽ തൊഴിൽ കൂലി നിശ്ചിത സമയത്തിനുള്ളിൽ നല്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും ആർക്കും തന്നെ നിയമത്തിൽ അനുശാസിക്കുന്ന വിധം നഷ്ടപരിഹാര തുക നല്കിയിട്ടില്ല. ഫണ്ടിന്റെ ലഭ്യത കുറവാണ് ഇത്തരം വേതന വിതരണത്തിലെ കാലതാമസത്തിനും വാർഷിക കർമ്മപദ്ധതിയനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടക്കാത്തതിനും കാരണമായി വിശദീകരിക്കപ്പെട്ടത്. തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. വാർഷിക റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടില്ല

സ.ഉ.നമ്പർ/12329/ഡി.ഡി.2/2012/ത.സ്വ.ഭ.വ തീയതി 09-04-2012 ഉത്തരവിൽ നിർദ്ദേശിച്ച വിധം ഗ്രാമപഞ്ചായത്തുകൾ തൊഴിലുറപ്പ് പദ്ധതിയുടെ വരവ്-ചെലവ് കണക്കുകൾ വർഷത്തിൽ രണ്ടു തവണ പൊതുജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധീകരിക്കേണ്ടതാണ്. കൂടാതെ പദ്ധതിയുടെ ഗ്രാമപഞ്ചായത്ത് തലത്തിലുള്ള പ്രവർത്തനങ്ങൾ വ്യക്തമാക്കുന്ന മുൻവർഷത്തെ വാർഷിക റിപ്പോർട്ടും പ്രസിദ്ധീകരിക്കേണ്ടതാണ്. എന്നാൽ ഈ പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടില്ല. തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടില്ല. പരാതി പരിഹാര സംവിധാനം എന്ന നിലയിൽ ആഴ്ചയിൽ ഒരു ദിവസം തൊഴിലുറപ്പ് ദിനമായി ആചരിക്കണമെന്ന നിർദ്ദേശവും പാലിച്ചിട്ടില്ല. തൊഴിലുറപ്പ് പദ്ധതിയുടെ എകോപനത്തിനായി വാർഡ് തലത്തിൽ ഏകോപന സമിതി രൂപീകരിച്ചിട്ടില്ല. നിലവിൽ തൊഴിൽ കൂലി ഇ.എഫ്.എം.എസ്. രീതിയിൽ തൊഴിലാളികളുടെ അക്കൗണ്ടിൽ നൽകുകയാണ് ചെയ്തു വരുന്നത്. തൊഴിലുറപ്പ് പദ്ധതിയുടെ അടിസ്ഥാന ലക്ഷ്യമായ പരമാവധി തൊഴിലും, കൂലിയും തൊഴിലിനായി രജിസ്റ്റർ ചെയ്തതും, ആവശ്യപ്പെട്ടതുമായ എല്ലാവർക്കും ലഭിക്കുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം. | വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ നമ്പർ/പേര് | ചെലവഴിച്ച തുക | നീക്കയിരിപ്പ് |
|---|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് | 367350 | 49/18 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 364420 | 2930 |
| 2 | തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 367350 | | 364420 | 2930 |
| 3 | തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 100000 | 28/18 സാന്ത്വന പരിചരണം | 100000 | ഇല്ല |
| 4 | തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 127500 | 31/18 നെൽകൃഷി വികസനം | 127500 | ഇല്ല |
| 5 | തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 85000 | 64/18 പച്ചക്കറികൃഷി വീട്ടുവളപ്പിലും തരിശ് ഭൂമിയിലും | 85000 | ഇല്ല |
| 6 | തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 150000 | 05/18 ക്ഷീര സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 150000 | ഇല്ല |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രോജക്ട് നമ്പർ/ | ബിൽ നമ്പർ | തുക | ചെലവഴിച്ച തുക ₹ | ചെലവഴി ക്കാൻ |
|---|---|---|---|---|---|

| | പ്രവൃത്തിയുടെ പേര് | തീയ്യതി | ₹ | | ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 151/18 വാട്ടർലൈൻ എക്സ്റ്റൻഷൻ | 9/17-18 23-8-2017 | 86100 | 86100 | ഇല്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച ₹9,803 യുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം ഖണ്ഡിക | ഈടാക്കിയ തുക₹ | ഒടുക്കിയ ആളുടെ പേര്, ഉദ്യോഗപ്പേര് | രശീതി നമ്പർ തീയ്യതി |
|---|---|---|---|---|
| 2015-16 | 3-11 | 4000 | ശ്രീലേഷ്. | 060377627/4-7-2017 |
| 2016-17 | 2-1 | 2234 | വയക്കര രേണുക | 117040102188/7-10-2017 |
| | 2-1 | 3376 | വയക്കര രേണുക | 117040102189/7-10-2017 |
| | 2-1 | 193 | വയക്കര രേണുക | 117040102190/7-10-2017 |
| | ആകെ | 9803 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

എ. ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

ബി. സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ)സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ | 48054884 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ | 52704926 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹ | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ | 517002 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദികളായ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|
| 3-1 | 2,50,000 | ശ്രീമതി. കാർത്തിക. എ.കെ., കൃഷി ഓഫീസർ |
| 3-2 | 1,80,902 | ഡോ. അമർനാഥ്. പി, മെഡിക്കൽ ഓഫീസർ ആയുർവേദം |
| 3-3 | 86,100 | ശ്രീ. പ്രസാദ്. വി. വി, സെക്രട്ടറി, ഗ്രാമ പഞ്ചായത്ത് |
| ആകെ | 5,17,002 | |

ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഇ)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽ.എഫ്.കെഎൻ.ആർ/സി.7/614/ 2018 തീയതി 24-3-2018 | 2 |
| 2001-02 (പദ്ധതി) | എൽ.എഫ്.കെഎൻ.ആർ/സി.7/614/2018 തീയതി 24-3-2018 | 1 |
| 2004-05 | എൽ.എഫ്.കെഎൻ.ആർ/സി.7/614/2018 തീയതി 24-3-2018 | 3 |
| 2007-08 | എൽ.എഫ്.കെഎൻ.ആർ/സി.7/614/2018 തീയതി 24-3-2018 | 9 |
| 2008-09 | എൽ.എഫ്.കെഎൻ.ആർ/സി.7/614/2018 തീയതി 24-3-2018 | 14 |
| 2009-10, 2010-11 | എൽ.എഫ്.കെഎൻ.ആർ/സി.7/614/2018 തീയതി 24-3-2018 | 4 |
| 2011-12 | എൽ.എഫ്.കെഎൻ.ആർ/സി.7/614/2018 തീയതി 24-3-2018 | 12 |
| 2012-13, 2013-14 | എൽ.എഫ്.കെഎൻ.ആർ/സി.7/614/2018 തീയതി 24-3-2018 | 3 |
| 2014-15 | എൽ.എഫ്.കെഎൻ.ആർ/സി.7/614/2018 തീയതി 24-3-2018 | 7 |
| 2015-16 | എൽ.എഫ്.കെഎൻ.ആർ/സി.7/614/2018 തീയതി 24-3-2018 | 9 |

| | | |
|---|---|---|
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/സി.7/310/18 തീയതി 1-3-2018 | 19 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം:കെ.എസ്.എ/കെ.എൻ.ആർ/സി.7/1604/2018.

തിയതി: 23-11-2018.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ധർമ്മടം ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ

ധനകാര്യ പത്രിക ഞാൻ പരിശോധിച്ചതായി സാക്ഷ്യപ്പെടുത്തുന്നു.
എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ.

## അനുബന്ധം-2-1

# RECEIPT AND PAYMENT STATEMENT OF DHARMADAM GRAMA PANCHAYAT FOR THE PERIOD FROM 1-4-2017 TO 31-3-2018

| Code No. | Head Account | Schedule | Amount ₹ |
|---|---|---|---|
| | Opening Balance | | |
| | Bank<br>Cash | RP-40(a)<br>RP-40(a) | 6401669.53<br>28594 |
| | Receipts | | |

| | | | |
|---|---|---|---|
| Operating | | | |
| 110000000 | Tax Revenue | RP-1 | 1862870 |
| 130000000 | Rental Income from Panchayat Properties | RP-3 | 7000 |
| 140000000 | Fees & User Charges | RP-4 | 768031 |
| 150000000 | Sale & Hire Charges | RP-5 | 68635 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 35709237 |
| 171000000 | Interest Earned | RP-9 | 50528 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 4422877 |
| 350000000 | Other Liabilities | RP-36 | 123424 |
| 431000000 | Sundry Debtors (Receivables) | RP-43 | 76996 |
| Non Operating | | | |
| 170000000 | Income from Investments | RP-8 | 47134 |
| 180000000 | Other Income | RP-10 | 3146 |
| 340000000 | Earmarked Fund | RP-29 | 204721 |
| 350000000 | Deposits Received | RP-34 | 315826 |
| 431000000 | Other Liabilities | RP-36 | 189824 |

| | | | |
|---|---|---|---|
| 460000000 | Sundry Debtors (Receivables) | RP-43 | 4165635 |
| 460000000 | Loans,Advances and Deposits | RP-47 | 39000 |
| Grand Total | | | 54485147.53 |
| | Payments | | |
| Operating | | | |
| 210000000 | Establishment Expenses | RP-11 | 2663763 |
| 220000000 | Administrative Expenses | RP-12 | 1108390 |
| 230000000 | Operations & Maintenance | RP-13 | 2361876 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 4313425 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 12681054 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 2221330 |
| 253000000 | Decentralised Plan Programme-Projects not in Sector | RP-18 | 635919 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | RP-19 | 451000 |
| 255000000 | Maintance Projects | RP-20 | 3017406 |
| 256000000 | Other Revenue Grants and Funds- Revenue | RP-21 | 4000 |

| | | | |
|---|---|---|---|
| | Expenses | | |
| 280000000 | Prior Period Item | RP-26 | -67578 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 257913 |
| 350000000 | Othes Liabilities | RP-36 | 4943056 |
| Non Operating | | | |
| 240000000 | Interest and Finance Charges | RP-14 | 260175 |
| 280000000 | Prior Perid Items | RP-26 | -4074 |
| 311000000 | Earmarked Funds | RP-29 | 85000 |
| 340000000 | Deposits Received | RP-34 | 290008 |
| 350000000 | Other Liabilities | RP-36 | 2582617 |
| 410000000 | Fixed Assets | RP-38 | 1545032 |
| 412000000 | Capital Work in Progress | RP-40 | 6471736 |
| 431000000 | Sundry Debtors (Receivables) | RP-43 | 6401127 |
| 460000000 | Loans, Advances and Deposits | RP-47 | 481751 |
| | Closing Balance | | |
| | Bank<br>Cash | RP-40(b)<br>RP-40(b) | 1758934.53<br>21287 |

| | | | |
|---|---|---|---|
| | | | |
| Grand Total | | | 54485147.53 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-2-2

# INCOME AND EXPENDITURE STATEMENT OF DHARMADAM GRAMA PANCHAYAT FOR THE PERIOD FROM 1-4-2017 TO 31-3-2018

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT ₹ |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 5206567 |
| 130000000 | Rental Income from panchayat properties | I-3 | 7350 |
| 140000000 | Fees & User Charges | I-4(b) | 956059 |

| | | | |
|---|---|---|---|
| 150000000 | Sale & Hire Charges | I-5(b) | 68635 |
| 151000000 | Receipt from Transferred Institutions | I-5(a) | 174060 |
| 160000000 | Revenue Grants,Funds,Contributions & Compensations | I-6 | 94981981 |
| 170000000 | Income from Investments | I-7 | 47134 |
| 171000000 | Interest Earned | I-8 | 50528 |
| 180000000 | Other Income | I-9 | 288197 |
| A | Total Income | | 101780511 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 10151126 |
| 220000000 | Administrative Expenses | I-11(b) | 1108390 |
| 230000000 | Operations & Maintenance | I-12(b) | 2361876 |
| 240000000 | Interest & Finance Charges | I-13 | 260175 |
| 250000000 | Decentralised Plan Programme-Productive Sector | I-14 | 7676831 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 17544479 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2063124 |

| | | | |
|---|---|---|---|
| 253000000 | Decentralised Plan Programme-Projects not in Sector | I-14(c) | 635919 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | I-14(d) | 57723800 |
| 255000000 | Maintance Projects | I-14(e) | 3017406 |
| 256000000 | Other Revenue Grants and Funds-Revenue Expenses | I-15(a) | 4000 |
| 272000000 | Depreciation | I-17(a) | 272994 |
| B | Total Expenditure | | 102820120 |
| C=A-B | Gross Surplus/Deficit Income over Expenditure | | -1039609 |
| D=280000000 | Prior Period Item | I-18 | 421489 |
| E=C-D 290000000 | Gross Surplus/Defict of Income over Expenditure after prior Period items. Transfer to Reserve Funds | | -1461098 |
| | Net Balance being Surplus/Defict carried over to Balance Sheet (Panchayat Fund) | | |

ഡെപ്യൂട്ടി ഡയറക്ടർ,

## അനുബന്ധം 2-3

# BALANCE SHEET OF DHARMADAM GRAMA PANCHAYAT AS ON 31-3-2018

| Code No | Description of Items | Schedule | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat Fund | B-1 | 12074077.14 |
| 311000000 | Earmarked Funds | B-2 | 150836 |
| 312000000 | Reserves | B-3 | 27934796 |
| | Total Reserve & Surplus | | 40159709.14 |

| | | | |
|---|---|---|---|
| | Grants, Contribution for specific purposes | | |
| 320000000 | Grants, Funds,Contributions for specific purposes | B-4 | 1211048 |
| | Total Grants,Contribution for specific purposes | | 1211048 |
| | Loans | | |
| 330000000 | Secured Loans | B-5 | 0 |
| | Total Loans | | |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 564980.5 |
| 341000000 | Deposit Works | B-8 | 0 |
| 350000000 | Other Liabilities | B-9 | 1146253.89 |
| | Total Current Liabilities and Provisions | | 1711234.39 |
| | TOTAL LIABILITIES | | 43081991.53 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 41051889 |
| 411000000 | Accumulated Depreciation | B-11 | -7050156 |
| 412000000 | Capital Work In Progress | B-11(a) | 747055 |
| | Total Fixed Assets | | |

| | | | |
|---|---|---|---|
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 6491310 |
| 450000000 | Cash and Bank balance | B-17 | 1780221.53 |
| 460000000 | Loans, Advances and Deposits | B-18 | 61672 |
| | Total Current Assets, Loans and Advances | | 8333203.53 |
| | TOTAL ASSETS | | 43081991.53 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.